بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാല്യം 7

ലക്കം 42

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 ഒക്ടോബർ 20 • ഹി.ശം. 1401 അഖാഅ് 20 • ഹിജ്റ 1444 റബീഉൽ അവ്വൽ 23

## അല്ലാഹുവിന്റെ വചനം

قُلۡ یٰۤاَیُّہَا النَّاسُ اِنِّیۡ رَسُوۡلُ اللّٰہِ اِلَیۡکُمۡ جَمِیۡعَا ۨ الَّذِیۡ لَہٗ مُلۡکُ السَّمٰوٰتِ وَالۡاَرۡضِ ۚ لَاۤ اِلٰہَ اِلَّا ہُوَ یُحۡیٖ وَیُمِیۡتُ

(سُوۡرَۃُ الۡاَعۡرَاف:159)

'പറയുക: ഓ മനുഷ്യരേ! സത്യമായും നിങ്ങളിലെല്ലാവരിലേക്കും (നിയുക്തനായ) അല്ലാഹുവിന്റെ ദൂതനാണ് ഞാൻ. ആകാശങ്ങളുടേയും ഭൂമിയുടേയും ആധിപത്യം അവനുള്ളതാണ്. അവനല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു.'(7:159)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

### മൂന്നുപേർക്കെതിരിൽ ശിക്ഷാനടപടികൾ

(2227) അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: പുനരുഥാന ദിവസം മൂന്നുപേർക്കെതിരിൽ താൻ ശിക്ഷാ നടപടികളെടുക്കുമെന്ന് അല്ലാഹു പറയുന്നു. എന്റെ പേരിൽ ഒരാളുമായി കരാർ ചെയ്തിട്ട് അത് ലംഘിച്ചവൻ. ഒരു സ്വതന്ത്രനെ വിറ്റിട്ട് വില തിന്നവൻ. ഒരാളെ കൂലിക്ക് ജോലി ചെയ്യാൻ വിളിച്ചിട്ട് ജോലി ചെയ്യിച്ച് കൂലി കൊടുക്കാത്തവൻ. .

### ഏറ്റവും അടുത്ത അയൽവാസി

(2259)ഹദ്റത്ത് ആഇശാ(റ)പറയുന്നു! എനിക്ക് രണ്ട് അയൽവാസികളുണ്ട്. അവരിൽ ആർക്കാണ് ഞാൻ പാരിതോഷികം നൽകേണ്ടത്? 'നബി(സ)തിരുമേനി പറഞ്ഞു: നിന്റെ ഏറ്റവും അടുത്ത് വീട്ടുകാർക്ക്.'

### ജോലി ആഗ്രഹിക്കുന്നവർ അല്ലെങ്കിൽ സ്ഥാനം ആഗ്രഹിക്കുന്നവർ

(2261) അബൂമൂസാ(റ) പറയുന്നു: ഞാനൊരിക്കൽ നബി(സ)തിരുമേനി യുടെ അടുത്ത് വന്നു. എന്റെ കൂടെ അശ്അരി ഗോത്രക്കാരായ രണ്ടു പുരുഷന്മാരുണ്ടായിരുന്നു.(ഒരു ഉദ്യോഗം കിട്ടിയാൽ കൊള്ളാമെന്ന് അവരിരുവരും ആഗ്രഹം പ്രകടിപ്പിച്ചു). അതുകേട്ടപ്പോൾ എനിക്ക് പ്രയാസം തോന്നി. ഞാൻ പറഞ്ഞു: ഇവരിരുവരും തൊഴിൽ തേടിവന്നവരാണെന്ന് ഞാൻ അറിഞ്ഞിരുന്നില്ല. നബി(സ)തിരുമേനി പറഞ്ഞു: 'നമ്മുടെ ഈ ജോലികളിൽ അത്യാവശ്യപ്പെട്ടുകൊണ്ടുവന്നവരെ നാം നിയമിക്കുകയില്ല.'*(ബുഖാരി, വാല്യം 4, പ്രസാധകർ 2008 ഖാദിയാൻ)*

**അല്ലാഹു നമ്മളിൽ തുറന്ന കാര്യം തന്നെയാണ് ശരിയും സത്യവുമായിട്ടുള്ളത്. അത് ഹദീഥുകളുടെ ഇച്ഛയ്ക്കനുസരിച്ചുള്ളതാണ്, അതായത് മസീഹ് ഒരിക്കലും രക്തമൊഴുക്കുന്ന യുദ്ധം ചെയ്യുകയില്ലെന്ന് അതിൽ പറഞ്ഞു. വാളെടുത്ത് യുദ്ധം ചെയ്യുക എന്നത് അദ്ദേഹത്തിന്റെ കർത്തവ്യവുമല്ല. പ്രത്യുത അദ്ദേഹം പരിഷ്കരണത്തിനാണ് വരുന്നത്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ബാഹ്യമായ നിലയിൽ മസീഹിന്റെ ജോലി എന്താണ്? ആരാണോ അയാൾക്ക് ഈ പേരു വെച്ചത്. മർയമിന്റെ മകൻ മസീഹിന്റെ ജോലി ശർറ്(തിന്മ)അകറ്റുകയായിരിക്കും; മഹ്ദിയുടെ ജോലി നന്മ സമ്പാദിക്കുകയും. നിങ്ങൾ ചിന്തിക്കുക!മസീഹിന്റെ ജോലി **യഖ്ത്തുലുൽ ഖിൻസീറ** എന്നും **യക്സുറുസ്സ്വലീബ** എന്നും പറഞ്ഞിരിക്കുന്നു. ഇതാണ് ശർറ്(തിന്മ) അകറ്റുക എന്നത്. പക്ഷേ, നമ്മുടെ മതം ഇതൊരിക്കലുമല്ല; തിന്മ അകറ്റുന്നതിനുവേണ്ടി അദ്ദേഹം വാളും കുന്തവുമെടുത്ത് യുദ്ധം ചെയ്യാനിറങ്ങുക എന്നതൊരിക്കലുമല്ല.

അദ്ദേഹം വാളെടുത്ത് യുദ്ധംചെയ്യുമെന്ന് ഉലമാ പറയുന്നത് ശരിയല്ല. എന്നല്ല തികച്ചും തെറ്റാണ്. അദ്ദേഹം വരികയും വന്നുടനെ വാളും കൈയിലേന്തി യുദ്ധം ചെയ്യുന്നതിന് മൈതാനത്തെത്തുകയും ചെയ്യുമ്പോൾ എന്തു പരിഷ്കരണമാണ് നടന്നത്! ഇതൊരിക്കലുമുണ്ടകുകയില്ല. അല്ലാഹു നമ്മളിൽ തുറന്ന കാര്യം തന്നെയാണ് ശരിയും സത്യവുമായിട്ടുള്ളത്. അത് ഹദീഥുകളുടെ ഇച്ഛയ്ക്കനുസരിച്ചുള്ളതാണ്, അതായത് മസീഹ് ഒരിക്കലും രക്തമൊഴുക്കുന്ന യുദ്ധം ചെയ്യുകയില്ലെന്ന് അതിൽ പറഞ്ഞു. വാളെടുത്ത് യുദ്ധം ചെയ്യുക എന്നത് അദ്ദേഹത്തിന്റെ കർത്തവ്യവുമല്ല. പ്രത്യുത അദ്ദേഹം പരിഷ്കരണത്തിനാണ് വരുന്നത്. അതേ, അദ്ദേഹത്തിന്റെ ജോലി തിന്മയെ പ്രതിരോധിക്കുകയാണെന്ന് നാം സമ്മതിക്കുന്നു. അത് തെളിവുകൾകൊണ്ടും പ്രമാണങ്ങൾകൊണ്ടുമായിരിക്കും.

മഹ്ദിയുടെ ജോലി നന്മ സമ്പാദിക്കലാണ്. അതായത് വ്യാപിച്ചിട്ടുണ്ടാകുന്ന അനാചാരങ്ങളും അധർമങ്ങളും കുറ്റകൃത്യങ്ങളും സന്മാർഗംകൊണ്ട് മാറ്റുക. ഈസാ എന്ന പദം 'ഔസുൻ' എന്നതിൽനിന്നാണ് നിഷ്പന്നമായിട്ടുള്ളത്. അത് തിന്മ പ്രതിരോധിക്കുന്നതിനെ സൂചിപ്പിക്കുന്നു. ഈ രണ്ടു പ്രതിച്ഛായകളിലുള്ള രഹസ്യം, അതായത് മഹ്ദിയുടെ പ്രതിച്ഛായ സമ്പൂർണമാണ്. കാരണം അദ്ദേഹത്തിന്റെ ജോലി നന്മ വർധിപ്പിക്കലാണ്. നന്മ വർധിപ്പിക്കൽ തിന്മപ്രതിരോധിക്കുന്നതിനെ അപേക്ഷിച്ച് സർവസമ്പൂർണമായ കാര്യമാണ്. ഒരാളുണ്ട്, അയാൾ ആരുടെയെങ്കിലും വഴിയിൽനിന്ന് മുള്ളുമാത്രം എടുത്തുമാറ്റുന്നു. ഇത് നിസംശയം വലിയ ജോലി തന്നെയാണ്. എന്നാൽ, ആരാണോ അയാൾക്ക് യാത്രാവാഹനം നല്കുകയും തന്റെ വീട്ടിൽ കൊണ്ടുപോയി ആഹാരം നല്കുകയും ചെയ്യുന്നത് അത് അതിനെക്കാൾ വലിയ കാര്യമാണ്. അതിനാൽ മഹ്ദി സർവസംപൂർണനാണ്. അതുകൊണ്ട് അദ്ദേഹം ഖലീഫത്തുല്ലായാണ്. ഈസബ്നുമർയം, അദ്ദേഹം മഹ്ദിയായ ഖലീഫത്തുല്ലായ്ക്ക് ബയ്അത്ത് ചെയ്യുന്നതായിരിക്കും. ഇതിൽ ഇതേ രഹസ്യമാണുള്ളത്. മഹ്ദിയുടെ

ശേഷം പേജ് 12ൽ

**നാം മുഅ്മിനീങ്ങളുടെ സന്താനങ്ങളെ, അവർ മുഅ്മിനാണെങ്കിൽ സ്വർഗത്തിൽ അവരോടൊപ്പം ചേർക്കുന്നതാണ്. ഈ പ്രയാസത്തിൽനിന്ന് രക്ഷിക്കുന്നതിന് അല്ലാഹു മഹാത്മാക്കളുടെ സന്താനങ്ങളോടു നന്മയോടെ പെരുമാറുന്നു. അതുകൊണ്ട് നബിമാരുടേയും സ്വാലിഹീങ്ങളുടേയും ഉമ്മത്തുകൾക്കും ജമാഅത്തുകൾക്കും നിരന്തരം വിശുദ്ധ ഖുർആനിൽ അവരിൽ പ്രത്യേക കൃപയുണ്ടാകുമെന്ന വാഗ്ദാനങ്ങളുണ്ട്; അവർക്ക് വിഷമമുണ്ടാകുന്നതുകൊണ്ട് നബിമാർക്കും സ്വാലിഹുമാർക്കും വിഷമമുണ്ടാകാതിരിക്കാൻ!**

സൂറത്തുന്നഹ്ലിന്റെ 120-ാം വചനമായ, **ഥുമ്മ ഇന്ന റബ്ബക്ക ലില്ലദീന അമിലുസ്സൂഅ ബി ജഹാലത്തിൻ ഥുമ്മ താബൂ മിൻ ബഅ്ദി ദാലിക്ക വ അസ്വ്ലഹൂ ഇന്ന റബ്ബക്ക മിൻ ബഅ്ദിഹാ ല ഗഫൂറുർറഹീം** (പിന്നെ അജ്ഞത നിമിത്തം തിന്മ പ്രവർത്തിക്കുകയും അതിനുശേഷം പശ്ചാത്തപിച്ച് മടങ്ങുകയും ജീവിതം സ്വയം തിരുത്തി നന്നാക്കുകയും ചെയ്യുന്നവരാരോ അവർക്ക് തീർച്ചയായും നിന്റെ നാഥൻ വളരെ പൊറുത്തുകൊടുക്കുന്നവനും കരുണാമയനുമാകുന്നു)എന്നതിന് നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

ഇതിനുമുമ്പേ അല്ലാഹു വിവരിച്ചിരുന്നത് യഹൂദികൾ കല്പന ലംഘിച്ചതുകൊണ്ട് അവരിൽ ബുദ്ധിമുട്ടുകൾ വന്നു എന്നാണ്. ***വലാക്കിൻ കാനൂ അൻഫുസഹും യള്‌ലിമൂൻ*** അവർ അക്രമം ചെയ്യുകയായിരുന്നു. അതുകൊണ്ട് അതിന്റെ ഫലമായി അവർക്ക് ദുഃഖം ലഭിച്ചു. ഇപ്പോൾ പറഞ്ഞിരിക്കുന്നു, യഹൂദികൾ തെറ്റുകൾ ചെയ്തു. പക്ഷേ, അവർ ഇപ്പോഴും പശ്ചാത്തപിച്ചു മടങ്ങുകയാണെങ്കിൽ അല്ലാഹുവിനെ പൊറുക്കുന്നവനായി കാണുന്നതായിരിക്കും. ഇതിൽ യഹൂദികൾക്ക് എന്തെങ്കിലും പ്രത്യേക പരിഗണനയൊന്നുമില്ല. പ്രത്യുത ഇത് പൊതുവായ നിയമമനുസരിച്ചാണ്.

കുട്ടികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ മാതാപിതാക്കളിൽ സ്വാധീനമുണ്ടാക്കുന്നുവെന്നത് പ്രകടമാണ്. കുട്ടികൾക്ക് സുഖമില്ലാതാകുമ്പോൾ മാതാപിതാക്കൾക്ക് വിഷമമുണ്ടാകുന്നു. ഇപ്രകാരം അവർ നരകത്തിൽ പതിക്കുന്നതുകൊണ്ട് മാതാപിതാക്കൾക്ക് പ്രയാസ

ശേഷം പേജ് 11ൽ

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

SCAN ME

The Weekly BADR Qadian (Malayalam)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**ആരെങ്കിലും ഭൂമിയിലൂടെ മൃതദേഹം നടക്കുന്നതായി കാണാനാഗ്രഹിക്കുന്നെങ്കിൽ അവർ അബൂബക്റിനെ കണ്ടുകൊള്ളട്ടെ! അബൂബക്റിന്റെ പദവി അദ്ദേഹത്തിന്റെ ഭൗതിക കർമങ്ങൾ കൊണ്ടു മാത്രമുള്ളതായിരുന്നില്ല. മറിച്ച് അത് അദ്ദേഹത്തിന്റെ ഹൃദയത്തിലാണുണ്ടായിരുന്നത്.**

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സ്വിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

**ഖുത്ബ ജുമുഅ 2022 സെപ്റ്റംബർ 16/1401 തബൂക് 16,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ايده الله تعالىٰ بنصره العزيز

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ കാലഘട്ടത്തിലെ പ്രവർത്തനങ്ങളെ കുറിച്ചാണ് അനുസ്മരിച്ചു വരുന്നത്. ഇതിൽ ദിമ്മികളുടെ(മുസ്‌ലിം രാജ്യത്തിലെ അമുസ്‌ലിം പ്രജകൾ) അവകാശങ്ങളെ സംബന്ധിച്ച് കുറച്ച് വിശദീകരണങ്ങളുണ്ട്. ദിമ്മി എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ഇസ്‌ലാമിക ഭരണകൂടത്തെ അനുസരിക്കുന്നത് അംഗീകരിച്ചുകൊണ്ട് തങ്ങളുടെ മതത്തിൽത്തന്നെ നിലകൊള്ളുന്ന ആളുകളാണ്. ഇസ്‌ലാമിക ഭരണകൂടം അവരുടെ സംരക്ഷണം ഏറ്റെടുക്കുന്നു. ഇവർ മുസ്‌ലിമീങ്ങളിൽനിന്ന് വ്യത്യസ്തമായി സൈനിക സേവനത്തിൽനിന്ന് വിമുക്തരാകുന്നു. മാത്രമല്ല സക്കാത്തും അവർ കൊടുക്കേണ്ടതില്ല. അതുകൊണ്ട് അവരുടെ ജീവനും സ്വത്തും മറ്റു മനുഷ്യാവകാശങ്ങളും സംരക്ഷിക്കുന്നതിനു പകരമായി അവരിൽനിന്ന് നിസാരമായ ടാക്സ് വാങ്ങിയിരുന്നു. അത് പൊതുവിൽ ജിസ്‌യ എന്നാണ് പറയപ്പെട്ടിരുന്നത്. ഇതിന്റെ തോത് വർഷത്തിൽ ഒരു വ്യക്തിക്ക് നാല് ദിർഹം എന്നതായിരുന്നു. ഇത് പ്രായപൂർത്തിയെത്തിയ ആരോഗ്യവും ജോലി ചെയ്യാൻ ശേഷിയുള്ളവരുമായ ആളുകളിൽ നിന്ന് മാത്രമാണ് വാങ്ങിയിരുന്നത്. വൃദ്ധന്മാരും വികലാംഗരും നിസ്സഹായരും ആശ്രിതരും കുട്ടികളും ഇതിൽനിന്ന് ഒഴിവായിരുന്നു. മാത്രമല്ല ഭിന്നശേഷിക്കാർക്കും ആശ്രിതർക്കും ഇസ്‌ലാമിക ബയ്ത്തുൽമാലിൽനിന്ന് സഹായം നൽകുകയാണ് ചെയ്തിരുന്നത്. ഇറാഖിലേയും സിറിയയിലേയും വിജയത്തിനുശേഷം നിരവധി ഗോത്രങ്ങളും ജനവാസ മേഖലകളും ജിസ്‌യയുടെ അടിസ്ഥാനത്തിൽ ഇസ്‌ലാമിക ഭരണകൂടത്തിന്റെ പ്രജകളായി തീർന്നിട്ടുണ്ടായിരുന്നു. അവരുമായി ഉണ്ടാക്കിയ ഉടമ്പടിയിൽ ചില അനുച്ഛേദങ്ങൾ ഇങ്ങനെയായിരുന്നു. അവരുടെ അന്തഃപുരങ്ങളും പള്ളികളും പൊളിക്കുന്നതല്ല. ശത്രുക്കളുമായി പൊരുതുമ്പോൾ സംരക്ഷണത്തിന് ഉപയോഗിച്ചിരുന്ന കോട്ടകൾ തകർക്കുന്നതല്ല. ശംഖ് വിളിക്കുന്നത് തടയുന്നതല്ല. ഉത്സവവേളകളിൽ കുരിശ് ഉയർത്തുന്നത് തടയുന്നതല്ല. *(അശ്റ മുബശ്ശ്റ, ബശീർ സാജിദ്, പേജ് 183, അൽബദ്ർ പബ്ലിക്കേഷൻസ് ലാഹോർ 2000).* അതായത് കുരിശു കൊണ്ടുള്ള ജാഥകൾ നടത്താവുന്നതാണ്.

ഹദ്റത്ത് അബൂബക്റിന്റെ ഖിലാഫത്തു കാലത്ത് ഹീറ നിവാസികളുമായി ഹദ്റത്ത് ഖാലിദ് ബിൻ വലീദ് ഉടമ്പടി ഉണ്ടാക്കിയിരുന്നു. അതിൽ മറ്റു കാര്യങ്ങൾക്ക് പുറമെ ഇതും കൂടിയുണ്ടായിരുന്നു; ജോലി ചെയ്യാൻ കഴിയാത്ത വൃദ്ധരെയും അതല്ലെങ്കിൽ രോഗം കൊണ്ടോ പ്രയാസങ്ങൾ കൊണ്ടോ വലയുന്നവരെയും അതുപോലെ നേരത്തെ ധനവാനായിരുന്നുവെങ്കിലും പിന്നീട് ദരിദ്രരായി തീർന്നവരെയും അവരുടെ മതത്തിലെ ആളുകൾ സഹായിക്കുകയാണെങ്കിൽ അവരിൽ നിന്നു ജിസ്‌യ ഒഴിവാക്കുന്നതാണ്. അതായത് ജിസ്‌യ വാങ്ങുന്നതല്ല. അവർ ദാറുൽ ഹിജ്റത്തിലും ദാറുൽ ഇസ്‌ലാമിലും അതായത് ഇസ്‌ലാമിക ഭരണം നിലനിൽക്കുന്ന സ്ഥലങ്ങളിൽ താമസിക്കുന്ന കാലംവരെയും അവരുടെ കുടുംബങ്ങൾക്കുള്ള ചെലവുകൾ മുസ്‌ലിമീങ്ങളുടെ ബയ്ത്തുൽമാലിൽനിന്ന് പൂർത്തിയാക്കി കൊടുക്കുന്നതാണ്. പക്ഷേ, അവർ ദാറുൽ ഹിജ്റത്തും ദാറുൽ ഇസ്‌ലാമും ഒഴിവാക്കി മറ്റു രാജങ്ങളിലേക്ക് പോകുകയാണെങ്കിൽ അവരുടെ കുടുംബത്തിന്റെ സംരക്ഷണം മുസ്‌ലിമീങ്ങൾക്ക് ഉണ്ടായിരിക്കുന്നതല്ല. *(കിതാബുൽഖറാജ്, ലി അബീയൂസുഫ് ഫസ്ൽ ഫിൽകനാഇസി വൽബയ്‌യി, പേജ് 148, പ്രസാധനം അൽമക്തബത്തുതൗഫീഖിയ 2013)*

ഒരു നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഹീറനിവാസികളുമായി ഹദ്റത്ത് ഖാലിദ് ബിൻ വലീദ് ഉണ്ടാക്കിയ ഉടമ്പടിയിൽ ഇങ്ങനെയും എഴുതിരിക്കുന്നു: 'ഭിന്നശേഷിക്കാർക്കും ആശ്രിതർക്കും ലൗകിക കാര്യങ്ങൾ ഉപേക്ഷിച്ച പുരോഹിതർക്കും ജിസ്‌യ മാപ്പായിരിക്കും.' *(അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, മുത്തർറജിം, പേജ് 318, പ്രസാധനം ഇസ്‌ലാമീ കുതുബ് ഖാന ലാഹോർ)*

ഖുർആൻ ക്രോഡീകരണം എന്ന ഒരു വലിയ കർത്തവ്യവും ഹദ്റത്ത് അബൂബക്ർ(റ)ന്റെ കാലഘട്ടത്തിലാണുണ്ടായത്. ഖുർആൻ ക്രോഡീകരണം ഹദ്റത്ത് അബൂബക്ർ(റ)ന്റെ കാലഘട്ടത്തിലുണ്ടായ അനുപമവും മഹത്ത്വമേറിയതുമായ ഒരു കർമമായിരുന്നു. ഇതിന്റെ പശ്ചാത്തലം മുസയ്‌ലിമത്തുൽകദ്ദാബുമായുണ്ടായ യമാമ യുദ്ധവുമായി ബന്ധപ്പെട്ടിരിക്കുന്നു. യമാമ യുദ്ധത്തിൽ ആയിരത്തി ഇരുനൂറു മുസ്‌ലിമീങ്ങൾ ശഹീദായി. അതിൽ കൂടുതലും ഉന്നതരായ സ്വഹാബാക്കളും ഖുർആൻ ഹൃദിസ്തമാക്കിയവരും ആയിരുന്നു. ഒരു നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എഴുന്നൂറു ഹാഫിളീങ്ങൾ ശഹീദായി എന്ന് വിവരിക്കപ്പെട്ടിരിക്കുന്നു.*(ഹദ്റത്ത് അബൂബക്ർ, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, മുത്തർറജിം അഞ്ചും ശഹ്ബാസ് സുൽത്വാൻ പേജ് 393, ബുക് കോർണർ ഝലം പാക്കിസ്താൻ)(ഖുർആൻ കയ്സെ ജമഅ ഹുവാ?, മൗലാനാ മുഹമ്മദ് അഹ്മദ് മിസ്ബാഹീ പേജ് 58, മക്തബ അഅ്‌ലാ ഹദ്റത്ത് ലാഹോർ)*

ഈ ഒരവസ്ഥയിൽ അല്ലാഹു വിശുദ്ധ ഖുർആൻ സമാഹരിക്കുന്നതിന് ഹദ്റത്ത് ഉമർ(റ)ന്റെ മനസ്സിനെ സന്നദ്ധമാക്കുകയുണ്ടായി. അദ്ദേഹം ഹദ്റത്ത് അബൂബക്റിനോട് അത് സംബന്ധിച്ച് പറഞ്ഞു. അതിന്റെ വിശദീകരണം സ്വഹീഹ് ബുഖാരിയിൽ ഇങ്ങനെ വന്നിരിക്കുന്നു. ഉബയ്ദ് ബിൻ സബ്ബാഖ് വിവരിക്കുന്നു. ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്ത്(റ) പറഞ്ഞു: 'യമാമക്കാരുമായുള്ള യുദ്ധത്തിനുശേഷം ഹദ്റത്ത് അബൂബക്ർ(റ) അദ്ദേഹത്തെ വിളിച്ചു. അപ്പോൾ എന്താണ് കാണുന്നത്, ഹദ്റത്ത് ഉമർ ബിൻ ഖത്വാബും അദ്ദേഹത്തിന്റെ അടുത്ത് ഇരിക്കുന്നു. ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: ഉമർ എന്റെ അടുത്ത് വന്നിരിക്കുന്നു. അദ്ദേഹം പറയുന്നു: യമാമ യുദ്ധത്തിൽ നിരവധി ഖുർആൻ ഹാഫിളുമാർ ശഹീദായി. താൻ ആശങ്കപ്പെടുന്നത് വിവിധ യുദ്ധങ്ങളിൽ നിരവധി ഖാരിമാരും ഹാഫിളുമാരും ശഹീദായി ക്കൊണ്ടിരുന്നാൽ വിശുദ്ധ ഖുർആനിന്റെ ഒരുപാട് ഭാഗങ്ങൾ നഷ്ടപ്പെട്ട് പോകാനിടവരും. അതുകൊണ്ട് അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഞാൻ ഖുർആൻ സമാഹരിക്കാൻ നിർദേശിക്കണമെന്നാണ് ഹദ്റത്ത് ഉമർ പറയുന്നത്.'

ഹദ്റത്ത് അബൂബക്ർ(റ), ഹദ്റത്ത് സയ്ദിനോട് പറഞ്ഞു: നബി(സ)തിരുമേനി ചെയ്യാത്ത ഒരു പ്രവൃത്തി എങ്ങനെയാണ് ചെയ്യുക എന്ന്

ഞാൻ ഹദ്റത്ത് ഉമറിനോട് ചോദിച്ചു. അപ്പോൾ ഉമർ പറഞ്ഞത്, ഈ പ്രവൃത്തിയിൽ അല്ലാഹുവാണ! നന്മ മാത്രമേയുള്ളു എന്നാണ്. ഉമർ എന്നോട് ഇക്കാര്യം എത്രമാത്രം ആവർത്തിച്ചു പറഞ്ഞുവെന്നാൽ, അല്ലാഹു ഈ പ്രവർത്തനത്തിന് എന്റെ മനസ്സിനെ സന്നദ്ധമാക്കുകയുണ്ടായി. എന്റേതും ഉമറിന്റേതുപോലുള്ള അഭിപ്രായമായി മാറി. ഹദ്റത്ത് സയ്ദ് പറയുന്നു: ഹദ്റത്ത് അബൂബക്ർ(റ)പറഞ്ഞു, 'അല്ലയോ സയ്ദേ! തീർച്ചയായും നീ യുവാവും ബുദ്ധിമാനുമാകുന്നു. ഞങ്ങൾ നിന്നെ ആരോപണങ്ങളിൽ നിന്നും ന്യൂനതകളിൽനിന്നും മുക്തനായി മനസ്സിലാക്കുകയും ചെയ്യുന്നു. നീ നബി(സ) തിരുമേനിക്കുവേണ്ടി വഹ്‌യും എഴുതാറുണ്ടായിരുന്നു. അതിനാൽ നീ വിശുദ്ധ ഖുർആൻ തിരഞ്ഞു പിടിച്ച് അത് സമാഹരിക്കുക.' ഹദ്റത്ത് സയ്ദ് പറയുകയാണ്. 'അല്ലാഹുവാണ! ഒരു പർവ്വതത്തെ ഒരിടത്തുനിന്ന് മറ്റൊരിടത്തു കൊണ്ടുപോകുന്ന ഉത്തരവാദിത്വമാണ് എന്നെ ഏൽപിച്ചതെങ്കിൽ അത് ഖുർആൻ സമാഹരിക്കാൻ കൽപിച്ച അത്രയും പ്രയാസമുള്ള ജോലിയകുമായിരുന്നില്ല. ഇപ്പോൾ എന്നെ ഏൽപ്പിച്ചിരിക്കുന്നത് ഒരു വലിയ ജോലിയാണ്.' ഞാൻ പറഞ്ഞു: 'നബി(സ)തിരുമേനി ചെയ്യാത്ത ഒരു കർമം നിങ്ങൾക്കെങ്ങനെ ചെയ്യാൻ കഴിയും?'

ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: 'അല്ലാഹുവാണ! ഈ ജോലി പൂർണമായും നന്മയാകുന്നു. ഹദ്റത്ത് അബൂബക്ർ ഈ കാര്യം എത്രമാത്രം ആവർത്തിച്ചുവെന്നാൽ, അല്ലാഹു അതിനുവേണ്ടി എന്റെ മനസ്സിനെ സജ്ജമാക്കി; അതിനുവേണ്ടി ഹദ്റത്ത് അബൂബക്റിന്റേയും ഉമറിന്റേയും മനസ്സുകളെ സജ്ജമാക്കിയതുപോലെ. അങ്ങനെ ഞാൻ വിശുദ്ധ ഖുർആനിന്റെ അന്വേഷണം ആരംഭിച്ചു. അത് ഞാൻ ഈന്തപ്പനയുടെ ശാഖകളിൽനിന്നും വെളുത്ത കല്ലുകളിൽനിന്നും ജനങ്ങളുടെ ഹൃദയങ്ങളിൽനിന്നും സ്വരുക്കൂട്ടാൻ തുടങ്ങി. സൂറ തൗബയുടെ അവസാന ഭാഗം ഹദ്റത്ത് അബൂ ഹുസയ്മ അൻസ്വാരിയിൽ നിന്നാണ് കിട്ടിയത്. അദ്ദേഹത്തിൽ നിന്നല്ലാതെ മറ്റാരിൽ നിന്നും അത് കിട്ടിയില്ല. അത് ഇപ്രകാരമാകുന്നു: ***ലഖദ് ജാഅക്കും റസൂലുൻ മ്മിൻ അൻഫുസിക്കും അസീസുൻ അലയ്ഹി മാ അനിത്തും***(അത്തൗബ: 128)എന്നതു മുതൽ സൂറ തൗബയുടെ അവസാനം വരെ. പിന്നീട് വിശുദ്ധ ഖുർആനിന്റെ ഈ ലിഖിത ഗ്രന്ഥം ഹദ്റത്ത് അബൂബക്റിന്റെ വഫാത്തുവരെയും അദ്ദേഹത്തിന്റെ പക്കൽ തന്നെയായിരുന്നു ഉണ്ടായിരുന്നത്. പിന്നീട് അത് ഹദ്റത്ത് ഉമർ(റ)ന്റെ ജീവിത കാലത്ത് അദ്ദേഹത്തിന്റെ പക്കലും അതിനു ശേഷം ഹദ്റത്ത് ഹഫ്സ്വ ബിൻത് ഉമറിന്റെ കൈയിലുമാണ് ഉണ്ടായിരുന്നത്.*(സ്വഹീഹുൽബുഖാരി, കിതാബു ഫളാഇലുൽ ഖുർആൻ, ബാബു ജംഉൽഖുർആൻ ഹദീഥ് നമ്പർ4986)*

ഇമാം ബഗ്‌വി തന്റെ ഗ്രന്ഥമായ ശറഹുസ്സുന്നയിൽ ഖുർആൻ ക്രോഡീകരണത്തെ സംബന്ധിച്ച് ഹദീഥുകളുടെ അനുബന്ധത്തിൽ എഴുതുന്നു: അല്ലാഹു തന്റെ റസൂൽ(സ)നു ഇറക്കിക്കൊടുത്ത വിശുദ്ധ ഖുർആനിനെ സ്വഹാബാക്കൾ അതേപടി ഒരുവിധ ഏറ്റക്കുറച്ചിലുമില്ലാതെ പൂർണമായും സമാഹരിച്ചിരുന്നു. സ്വഹാബാക്കൾ വിശുദ്ധ ഖുർആൻ സമാഹരിക്കാനുണ്ടായ കാരണത്തെ കുറിച്ച് ഹദീഥുകളിൽ പറയുന്നു: ആദ്യം വിശുദ്ധ ഖുർആൻ ഈന്തപ്പനയുടെ ശാഖകളിലും സ്ലേറ്റുകല്ലുകളിലും ഹാഫിളുമാരുടെ ഹൃദയങ്ങളിലുമായി ചിതറിക്കിടക്കുകയായിരുന്നു. ഹാഫിളുമാർ ശഹീദാകുന്നതോടുകൂടി ഖുർആനിന്റെ കുറച്ച് ഭാഗമെങ്കിലും നഷ്ടപ്പെട്ടുപോകുമോ എന്ന് സ്വഹാബാക്കൾക്ക് ആശങ്ക ഉണ്ടാകുകയും അങ്ങനെ അവർ ഹദ്റത്ത് അബൂബക്റിന്റെ സന്നിധിയിലെത്തി വിശുദ്ധ ഖുർആൻ സമാഹരിക്കുന്നതിനെ കുറിച്ച് അഭിപ്രായപ്പെടുകയും ചെയ്തു. ഈ ജോലി എല്ലാ സ്വഹാബാക്കളുടെയും യോജിപ്പിയോടെയാണ് ചെയ്തിരുന്നത്. അതുകൊണ്ടുതന്നെ അവർ വിശുദ്ധ ഖുർആനിനെ ഏറ്റക്കുറച്ചിൽ ഇല്ലാതെ നബി(സ)തിരുമേനിയിൽ നിന്ന് കേട്ട അതേപോലെ ക്രോഡീകരിക്കുകയുണ്ടായി. നബി(സ)തിരുമേനി തന്റെ സ്വഹാബാക്കൾക്ക് വിശുദ്ധ ഖുർആൻ കേൾപ്പിച്ചിരുന്നു. ഇന്ന് നമ്മുടെ പക്കലുള്ള മുസ്ഹഫുകളിൽ ഉള്ളതുപോലെ തികച്ചും അതെ ക്രമമനുസരിച്ചാണ് അവരെ ഖുർആൻ പഠിപ്പിച്ചിരുന്നത്. ഈ ക്രമം ജിബ്‌രീലാണ് നബി(സ)തിരുമേനിക്ക് പഠിപ്പിച്ചു കൊടുത്തത്. അദ്ദേഹം ഓരോ ആയത്ത് ഇറങ്ങുമ്പോഴും നബി(സ)തിരുമേനിയോട് ഇന്ന ആയത്ത് ഇന്ന സൂറത്തിലെ ഇന്ന ആയത്തിനുശേഷം എഴുതിക്കണമെന്ന് പറഞ്ഞിരുന്നു. *(ശറഹുസ്സുന്ന, കിതാബു ഫളാഇലുൽഖുർആൻ, രിവായത്തുനമ്പർ30856 മുത്തർറജിം, വാള്യം 8, പേജ് 827, മക് തബ റഹ്മാനിയ്യ ലാഹോർ)*

വിശുദ്ധ ഖുർആൻ ക്രോഡീകരണം ഹദ്റത്ത് അബൂബക്റിന്റെ കാലത്താണ് ഉണ്ടായിരുന്നത്. ഹദ്റത്ത് അലി ഇത് സംബന്ധിച്ച് പറയുന്നു: 'അല്ലാഹു ഹദ്റത്ത് അബൂബക്ർ സിദ്ദീഖിനുമേൽ കരുണ ചൊരിയുമാറാകട്ടെ. അദ്ദേഹം തന്നെയാണ് ഏറ്റവുമാദ്യം വിശുദ്ധ ഖുർആനിനെ ഗ്രന്ഥരൂപത്തിൽ സുരക്ഷിതമാക്കിയത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിശുദ്ധ ഖുർആൻ ക്രോഡീകരണം സംബന്ധിച്ച് വിവരിച്ചു കൊണ്ട് പറയുന്നു;

'അതുവരെയും വിശുദ്ധ ഖുർആൻ ഒറ്റ വാള്യത്തിൽ സമാഹരിച്ചിട്ടുണ്ടായിരുന്നില്ല. അഞ്ഞൂറ് വിശുദ്ധ ഖുർആൻ ഹാഫിളുമാർ യമാമ യുദ്ധത്തിൽ കൊല്ലപ്പെടുകയുണ്ടായി. അപ്പോൾ ഹദ്റത്ത് ഉമർ (റ), ഹദ്റത്ത് അബൂബക്ർ(റ)ന്റെ അടുക്കലെത്തി പറഞ്ഞു: ഒരു യുദ്ധത്തിൽ അഞ്ഞൂറ് ഖുർആൻ ഹാഫിളുമാർ ശഹീദായിരിക്കുന്നു. ഇനിയും ഒരുപാട് യുദ്ധങ്ങൾ നമുക്ക് മുന്നിലുണ്ട്. ഇനിയും ഹാഫിളുമാർ ശഹീദാക്കപ്പെടുകയാണെങ്കിൽ ജനങ്ങൾക്ക് വിശുദ്ധ ഖുർനിആനെ കുറിച്ച് സംശയങ്ങൾ ഉടലെടുക്കും. അതുകൊണ്ട് വിശുദ്ധ ഖുർആനിനെ ഒറ്റ വാള്യത്തിൽ സമാഹരിക്കേണ്ടിയിരിക്കുന്നു. ഹദ്റത്ത് അബൂബക്ർ(റ) ആദ്യം അത് നിരാകരിക്കുകയുണ്ടായി. എന്നാൽ, അവസാനം അദ്ദേഹം പറഞ്ഞത് അംഗീകരിച്ചു.

ഹദ്റത്ത് അബൂബക്ർ(റ), സയ്ദ് ബിൻ ഥാബിത്തിനെ ഈ ജോലിക്കുവേണ്ടി നിയോഗിച്ചു. ഇദ്ദേഹം നബി(സ)തിരുമേനിയുടെ ജീവിതകാലത്ത് വിശുദ്ധ ഖുർആൻ എഴുതിയിരുന്ന ആളായിരുന്നു. ഉന്നതരായ സ്വഹാബാക്കളെയും അദ്ദേഹത്തിന്റെ സഹായത്തിനുവേണ്ടി നിശ്ചയിക്കുകയുണ്ടായി. ആയിരക്കണക്കിന് സ്വഹാബാക്കൾ വിശുദ്ധ ഖുർആൻ ഹാഫിളുമാരായുണ്ടായിരുന്നു. എന്നാൽ, വിശുദ്ധ ഖുർആൻ സമാഹരിക്കുന്ന സമയത്ത് ആയിരക്കണക്കിന് സ്വഹാബാക്കളെ ഒരുമിച്ച് കൂട്ടാൻ സാധ്യമായിരുന്നില്ല. അതുകൊണ്ടു ഹദ്റത്ത് അബൂബക്ർ(റ) ഇങ്ങനെ കൽപിച്ചു: 'വിശുദ്ധ ഖുർആൻ ലിഖിത രൂപത്തിലുള്ള കുറിപ്പടികളിൽനിന്ന് പകർത്തേണ്ടതാണ്, അതോടൊപ്പം ചുരുങ്ങിയത് രണ്ടു ഹാഫിളുമാർ അത് സാക്ഷ്യപ്പെടുത്തണമെന്നും പറഞ്ഞിരുന്നു. അങ്ങനെ വ്യത്യസ്ത തുകലുകളിലും എല്ലുകളിലും രേഖപെടുത്തിയിരുന്ന വിശുദ്ധ ഖുർആനിനെ ഒരു സ്ഥലത്ത് സ്വരുക്കൂട്ടുകയുണ്ടായി. വിശുദ്ധ ഖുർആൻ ഹാഫിളുമാർ അതിനെ സാക്ഷ്യപ്പെടുത്തുകയും ചെയ്തു. വിശുദ്ധ ഖുർആനിനെ സംബന്ധിച്ച് എന്തെങ്കിലും സംശയത്തിന് ഇടയുണ്ടെങ്കിൽത്തന്നെ അത് നബി(സ)തിരുമേനിയുടെ വഫാത്തിനും ഈ ക്രോഡീകരണത്തിനും ഇടയിലുള്ള കാലഘട്ടത്തിനെ കുറിച്ച് മാത്രമായിരിക്കും. പക്ഷേ, എല്ലാ ദിവസവും പാരായണം ചെയ്യപ്പെടുകയും ഓരോ റമളാനിലും ഉച്ചത്തിൽ മറ്റു മുസ്‌ലിമീങ്ങൾക്ക് കേൾപ്പിച്ച് കൊടുക്കുകയും മുഴുവൻ ഗ്രന്ഥവും ആയിരക്കണക്കിന് ആളുകൾ ആദ്യം മുതൽ അവസാനംവരെ മന:പാഠമാക്കുകയും ചെയ്ത ഗ്രന്ഥത്തെ കുറിച്ച് അത് ഗ്രന്ഥരൂപത്തിൽ സമാഹരിച്ചിട്ടില്ല എന്നതിന്റെ പേരിൽ മാത്രം ഇത്തരം ഒരാക്ഷേപം ഉന്നയിക്കുന്നത് ഏതെങ്കിലും ഒരു ബുദ്ധിമാന് അംഗീകരിക്കാൻ കഴിയുമോ? ഇരുപതിലധികം സ്വഹാബാക്കൾ അത് എഴുതിയിരുന്നു. കഷണം കഷണമായ രൂപത്തിൽ അത് മുഴുവനും രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു. അത് സമാഹരിക്കുന്നതിന് വല്ല പ്രയാസവും ഉണ്ടാകുമായിരുന്നോ? മാത്രമല്ല, നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ ഖുർആൻ എഴുതിയിരുന്ന ഒരാൾക്ക് അത് മുഴുവൻ സമാഹരിക്കുന്നതിൽ വല്ല പ്രയാസവും അനുഭവപ്പെടുമോ? അദ്ദേഹത്തിന് അത് ഹൃദിസ്തമായിരുന്നു. വിശുദ്ധ ഖുർആൻ എല്ലാ ദിവസവും പരായണം ചെയ്തുകൊണ്ടിരുന്നു എന്നിരിക്കെ അത് ഗ്രന്ഥരൂപത്തിൽ ആക്കുമ്പോൾ എന്തെങ്കിലും തെറ്റുണ്ടാകുമോ? മറ്റു ഹാഫിളുമാർ അത് കണ്ടുപിടിക്കുമായിരുന്നില്ലേ? ഇങ്ങനെയുള്ള സാക്ഷ്യങ്ങളിൽ സംശയങ്ങൾ ഉണ്ടാകുകയാണെങ്കിൽ ലോകത്ത് ഒരു തെളിവിനും നിലനിൽപ്പുണ്ടാകുന്നതല്ല.

വാസ്തവത്തിൽ വിശുദ്ധ ഖുർആൻ തുടർച്ചയായി നിലനിന്നുപോന്നതുപോലെ ലോകത്ത് മറ്റൊരു ലിഖിതവും തുടർച്ചയായി നിലനിന്നുപോന്നിട്ടില്ല. *(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം വാള്യം 20, പേജ് 432-433)*

തുടർന്ന് അദ്ദേഹം മറ്റൊരു തെളിവ് പറയുന്നു: 'വിശുദ്ധ ഖുർആൻ അതിന്റെ തനത് രൂപത്തിൽ തന്നെയുണ്ട്. ഒരു മാറ്റിമറിക്കലും ഉണ്ടായിട്ടില്ല. വിശുദ്ധ ഖുർആനിൽ മാറ്റത്തിരുത്തലുകൾ ഉണ്ടായിരുന്നു എന്നും അങ്ങനെയായിരുന്നു ഇങ്ങനെയായിരുന്നുവെന്നുമെല്ലാം ഇന്ന് ആക്ഷേപങ്ങൾ ഉന്നയിക്കപ്പെടുന്നു.

അതിനുള്ള മറുപടിയായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു ആക്ഷേപത്തിന് മറുപടി നൽകിക്കൊണ്ടു പറയുന്നു: 'ഒരു ആക്ഷേപം ഉന്നയിക്കപ്പെടുന്നത് നബി(സ)തിരുമേനി

യുടെ കാലഘട്ടത്തിൽ മുഴുവൻ ഖുർആനും രേഖപ്പെടുത്തിയിരുന്നില്ലെന്നാണ്! ഈ ആരോപണം ശരിയല്ല എന്നതാണ് അതിനുള്ള മറുപടി. നബി(സ)തിരുമേനിയുടെ കാലത്ത് തീർച്ചയായും മുഴുവൻ ഖുർആനും രേഖപ്പെടുത്തിയിരുന്നു. രേഖപ്പെടുത്തിയിരുന്നില്ലെന്ന് പറയുന്നത് തെറ്റാണ്. രേഖപ്പെടുത്തിയിട്ടുണ്ട്. ഹദ്റത്ത് ഉഥ്മാൻ(റ)നിവേദനം. ഏത് ഭാഗം അവതരിക്കുമ്പോഴും നബി(സ)തിരുമേനി എഴുതുന്ന ആളുകളെ വിളിക്കുകയും അത് ഇന്ന ഭാഗത്ത് ചേർക്കുക എന്ന് പറയുകയും ചെയ്തിരുന്നു. ഈ ഒരു ചരിത്രപരമായ തെളിവ് ഉണ്ടായിരിക്കെ വിശുദ്ധ ഖുർആൻ നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ പൂർണമായും എഴുതിയിട്ടുണ്ടായിരുന്നില്ലെന്ന് പറയുന്നത് ബുദ്ധിശൂന്യതയാണ്. ഇനിയുള്ള പ്രശ്നം പിന്നെന്തിനാണ് ഹദ്റത്ത് അബൂബക്റിന്റെ കാലഘട്ടത്തിൽ രേഖപ്പെടുത്തി എന്നതാണ്. അതിനുള്ള മറുപടി എന്തെന്നാൽ, നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ ഇന്ന് കാണുന്നതുപോലെ വിശുദ്ധ ഖുർആൻ ഒരു വാള്യത്തിൽ അല്ലായിരുന്നു. ഖുർആൻ സംരക്ഷിക്കപ്പെട്ടിട്ടില്ലെന്ന് ജനങ്ങൾ കരുതുമെന്ന് ഹദ്റത്ത് ഉമർ(റ) ചിന്തിച്ചു. അങ്ങനെ അദ്ദേഹം ഹദ്റത്ത് അബൂബക്ർ(റ)നോട് പറഞ്ഞു: ***ഇന്നീ അറാ അൻതഅ്മുറ ജംഅൽ ഖുർആനി*** അതായത് താങ്കൾ വിശുദ്ധ ഖുർആൻ ഒരു ഗ്രന്ഥത്തിൽ സമാഹരിക്കാൻ കൽപിക്കുന്നത് ഉചിതമായിരിക്കുമെന്ന് ഞാൻ കരുതുന്നു. ഇവിടെ എഴുതണം എന്നല്ല പറഞ്ഞത്. ഹദ്റത്ത് സയ്ദിനെ വിളിച്ച് ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞത് ഖുർആൻ സമാഹരിക്കുക, അതായത് ഇജ്മഅഹു അതിനെ ഒരിടത്ത് ഒരുമിച്ചുകൂട്ടണമെന്നാണ്. അല്ലാതെ രേഖപ്പെടുത്തണം എന്നല്ല പറഞ്ഞത്. ചുരുക്കത്തിൽ ഈ വാക്കുകൾ വ്യക്തമാക്കിത്തരുന്നത്, ആ സമയത്ത് വിശുദ്ധ ഖുർആനിന്റെ ഏടുകൾ ഒരുമിച്ചുകൂട്ടുക എന്നതായിരുന്നു കാര്യം. എഴുതുന്ന പ്രശ്നം തന്നെ ഉദിച്ചിരുന്നില്ല. *(ഫളാഇലുൽ ഖുർആൻ(1), അൻവാറുൽഉലൂം വാള്യം 10, പേജ് 514-515)*

ഹദ്റത്ത് അബൂബക്റിന്റെ ഖിലാഫത്തു കാലത്ത് വിശുദ്ധ ഖുർആൻ ഒരിടത്ത് സ്വരുക്കൂട്ടി. പിന്നെ ഹദ്റത്ത് ഉഥ്മാനിന്റെ ഖിലാഫത്തുകാലത്ത് അതിലുണ്ടായ ഒരു മുന്നേറ്റം എന്തായിരുന്നുവെന്നാൽ അറേബ്യയിൽ മുഴുവനും, പ്രത്യുത മുസ്‌ലിം ലോകത്ത് മുഴുവനും ഒരൊറ്റ പാരായണമുറയിൽ ക്രമീകരിച്ചു എന്നതാണ്.

ഹദ്റത്ത് ഉഥ്മാനിന്റെ കാലഘട്ടത്തിൽ വിശുദ്ധ ഖുർആനിന്റെ പ്രചാരണത്തെ സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: 'ഹദ്റത്ത് അബൂബക്റിനുശേഷം ഹദ്റത്ത് ഉഥ്മാനിന്റെ കാലത്ത്, വ്യത്യസ്ത ഗോത്രങ്ങളിലുള്ള ആളുകൾ വിവിധ തരത്തിലാണ് വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതെന്നും അമുസ്‌ലിമീങ്ങൾക്കുമേൽ അത് മോശം പ്രതികരണം ഉണ്ടാക്കുമെന്നും ഖുർആൻ പല രൂപത്തിലാണെന്നു ചിന്തിക്കുമെന്നും പരാതി വരികയുണ്ടായി. ആ പാരായണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ചില ഗോത്രക്കാർ ചില വാക്കുകൾ അകാരത്തോടെ ഉച്ചരിക്കുമ്പോൾ മറ്റു ചിലർ ഇകാരമായും വേറെ ചിലർ ഉകാരമായും വായിക്കുന്നു. ഇത് അറബിയിലല്ലാതെ മറ്റൊരു ഭാഷയിലും കാണപ്പെടുന്നില്ല. അതുകൊണ്ട് അറബി അറിയാത്ത ഒരാൾ ഇത് കേൾക്കുമ്പോൾ, ഇയാൾ ഇങ്ങനെയാണ് പറയുന്നത് അയാൾ ഇങ്ങനെയാണ് പറയുന്നതെന്ന് മനസ്സിലാക്കാൻ ഇടയുണ്ട്. വാസ്തവത്തിൽ അവരെല്ലാം ഒരേ കാര്യമായിരിക്കും പറയുന്നുണ്ടാകുക. ആയതിനാൽ ഈ ഫിത്നയിൽ നിന്ന് രക്ഷപെടുന്നതിന് ഹദ്റത്ത് ഉഥ്മാൻ(റ), ഹദ്റത്ത് അബൂബക്ർ(റ)ന്റെ കാലഘട്ടത്തിൽ രേഖപ്പെടുത്തിയ ഖുർആൻ പ്രതിയുടെ പകർപ്പുകൾ തയ്യാറാക്കി വിവിധ രാജ്യങ്ങളിലേക്ക് അയച്ചു. അതോടൊപ്പംതന്നെ അതിലുള്ള പാരായണ രീതി അനുസരിച്ച് അത് ഓതണമെന്നും മറ്റൊരു രീതിയിലും പാരായണം ചെയ്യരുതെന്നും കൽപിച്ചു. ഹദ്റത്ത് ഉഥ്മാൻ(റ) ചെയ്ത ഈ കർമ്മം ഒരിക്കലും അനുചിതമായിരുന്നില്ല. നബി(സ)തിരുമേനിയുടെ കാലത്ത് അറബികൾ ഗോത്രജീവിതമാണ് നയിച്ചിരുന്നത്. അതായത് ഓരോ ഗോത്രവും മറ്റു ഗോത്രങ്ങളിൽനിന്ന് അകന്ന് കഴിഞ്ഞിരുന്നു. അതുകൊണ്ട് താന്താങ്ങളുടെ ഉച്ചാരണമാണ് ശീലിച്ചിരുന്നത്. അതായത് ഓരോരുത്തർക്കും അവരുടേതായ ഉച്ചാരണ ശൈലി ഉണ്ടായിരുന്നു. എന്നാൽ, നബി(സ)തിരുമേനിയുടെ കൈകളിൽ ഒരുമിച്ചു കൂടിയതിനുശേഷം അറബികൾ സംസ്കാര സമ്പന്നരായി. അറബി ഒരു സാധാരണ ഭാഷ എന്നതിലപ്പുറം ഒരു വൈജ്ഞാനിക ഭാഷയായി മാറി. നിരവധി അറബികൾ എഴുത്തും വായനയും ഉള്ളവരായിത്തീർന്നു. അതുകാരണം ഏത് ഗോത്രത്തിൽപെട്ട ആളായിരുന്നാലും വൈജ്ഞാനിക ഭാഷയിൽ ഉപയോഗിച്ചിരുന്ന രീതിയിൽത്തന്നെ വാക്കുകൾ എളുപ്പത്തിൽ പ്രയോഗിക്കാൻ കഴിയുന്നവരായി. അത് വാസ്തവത്തിൽ രാഷ്ട്രത്തിന്റെ ഭാഷ കൂടിയായിരുന്നു. അതിനാൽ എല്ലാവരും വൈജ്ഞാനിക ഭാഷയുടെ ഭാഷ ഉപയോഗിക്കുന്നത് ശീലമുള്ളവരായിത്തീർന്നു. എങ്കിൽപോലും അവർക്ക് തങ്ങളുടെ ഗോത്രത്തിന്റെ ഉച്ചാരണമനുസരിച്ച് വിശുദ്ധ ഖുർആൻ ഓതാൻ അനുമതിയുണ്ടായിരുന്നു. അത് അന്യസമുദായങ്ങൾക്ക് വീഴ്ച പറ്റാൻ കാരണമായി തീർന്നു. അതുകൊണ്ട് ഹദ്റത്ത് ഉഥ്മാൻ(റ) മക്കയിലുണ്ടായിരുന്ന ഭാഷക്ക് അനുസരിച്ച് വിശുദ്ധ ഖുർആനിൽ ഹർക്കത്തുകൾ അഥവാ ചിഹ്നങ്ങളിട്ടുകൊണ്ട് എല്ലാ രാജ്യങ്ങളിലേക്കും ഖുർആനിന്റെ പകർപ്പ് വിതരണം ചെയ്തു. മാത്രമല്ല മക്കയുടെ ശൈലിയല്ലാതെ ഗോത്രങ്ങളുടെ ശൈലിയിൽ ഖുർആൻ പറയണം ചെയ്യരുതെന്ന് കൽപിക്കുകയും ചെയ്തു. ഈ കാര്യം മനസ്സിലാക്കാത്തതുകൊണ്ടാണ് യൂറോപ്യൻ എഴുത്തുകാരും മറ്റു സമുദായങ്ങളിലെ ഗ്രന്ഥകാരന്മാരും ഹദ്റത്ത് ഉഥ്മാൻ(റ)ഖുർആനിന് പുതിയതായി അടിത്തറ ഇട്ടുവെന്നും ഉഥ്മാൻ(റ) ഖുർആനിൽ പുതിയ മാറ്റങ്ങൾ വരുത്തിയെന്നും ആക്ഷേപിക്കുന്നത്. പക്ഷേ, യാഥാർഥ്യം ഈ വിവരിച്ചത് മാത്രമാണ്.*(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം വാള്യം 20, പേജ് 433-434)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "വിശുദ്ധ ഖുർആൻ നിസംശയും വഹ്‌യ് (വെളിപാട്) മാത്രമാകുന്നു. അത് പൂർണമായും, എത്രത്തോളമെന്നാൽ അതിലെ വള്ളിയും പുള്ളിയുംപോലും തികച്ചും തുടർച്ചയായി സംരക്ഷിക്കപ്പെട്ടു പോരുന്നതാണ്. അല്ലാഹു അതിനെ ഉന്നത സംവിധാനത്തോടുകൂടി മലക്കുകളുടെ സംരക്ഷണത്തിലാണ് ഇറക്കിയത്. പിന്നെ അത് സംബന്ധിച്ച് എല്ലാ നിലക്കുമുള്ള സംവിധാനങ്ങൾ ചെയ്യുന്നതിൽ നബി(സ)തിരുമേനി ഒരു പഴുതും ബാക്കിയാക്കിയിട്ടില്ല. നബി(സ)തിരുമേനി ഓരോ ആയത്ത് ഇറങ്ങുമ്പോഴും അത് തന്റെ കൺമുന്നിൽവെച്ചുതന്നെ പതിവായി എഴുതിപ്പിക്കുകയും ചെയ്തു.

അങ്ങനെ നബി(സ)തിരുമേനി അതിനെ പൂർണമായും ക്രോഡീകരിച്ചു. സ്വയം ആയത്തുകൾ ക്രമീകരിച്ചുകൊണ്ട് അതിനെ ക്രോഡീകരിച്ചു. നമസ്കാരത്തിലും നമസ്കാരത്തിന് പുറത്തും അത് പാരായണം ചെയ്യുന്നത് പതിവാക്കി. തുടർന്ന് നബി(സ)തിരുമേനി ഈ ലോകത്തെ വിട്ടുപിരിയുകയും തന്റെ അത്യുന്നതനായ സ്നേഹിതൻ, പ്രിയപ്പെട്ട റബ്ബുൽ ആലമീനുമായി ചേരുകയും ചെയ്തു. അതിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു; തുടർന്ന് ഒന്നാം ഖലീഫ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)അതിന്റെ എല്ലാ സൂറത്തുകളും നബി(സ)തിരുമേനിയിൽനിന്ന് ശ്രവിച്ച അതേ ക്രമത്തിൽ ക്രോഡീകരിക്കുന്നതിനുള്ള സംവിധാനം ചെയ്തു. ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)നു ശേഷം വിശുദ്ധ ഖുർആനിനെ ഖുറയ്ശികളുടെ വാക്കുകൾക്ക് അനുസൃതമായി ഒരേ പാരായണത്തിൽ ക്രമീകരിക്കാനും അതിനെ എല്ലാ രാജ്യങ്ങളിലും വ്യാപിപ്പിക്കാനും അല്ലാഹു മൂന്നാം ഖലീഫ ഹദ്റത്ത് ഉഥ്മാൻ(റ)നു തൗഫീഖ് നൽകുകയുണ്ടായി." *(ഹമാമത്തിൽബുശ്റ, മുത്തർജിം, പേജ് 101-102)*

ഇനിയുള്ള പ്രശ്നം എന്തെന്നാൽ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) എഴുതിപ്പിച്ചിരുന്ന സഹീഫയെ സിദ്ദീഖി എത്രകാലംവരെ നിലനിന്നിരുന്നു എന്നതാണ്. ഇത് സംബന്ധിച്ച് എഴുതുന്നു: "ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ), ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്ത് മുഖേന വിശുദ്ധ ഖുർആൻ ഒരു ഗ്രന്ഥത്തിൽ സമാഹരിക്കുകയുണ്ടായി. അതാണ് സഹീഫയെ സിദ്ദീഖി എന്നറിയപ്പെടുന്നത്. ഇത് ഹദ്റത്ത് അബൂബക്ർ സിദ്ദീഖിന്റെ മരണം വരെയും അദ്ദേഹത്തിന്റെ പക്കൽ തന്നെയാണ് ഉണ്ടായിരുന്നത്. അതിനുശേഷം ഹദ്റത്ത് ഉമറിന്റെ കൈയിലെത്തി. ഹദ്റത്ത് ഉമർ(റ), അത് ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഹഫ്സ്വയെ ഏൽപിച്ചുകൊണ്ടു പറഞ്ഞു: ഇതാർക്കും കൊടുക്കരുത്, അതേസമയം അത് പകർത്തുന്നതിനോ തങ്ങളുടെ പക്കലുള്ളത് ശരിയാക്കുന്നതിനോ അത് പ്രയോജനപ്പെടുത്താവുന്നതാണ്. അങ്ങനെ ഹദ്റത്ത് ഉഥ്മാൻ(റ) തന്റെ ഖിലാഫത്തു കാലഘട്ടത്തിൽ ഹദ്റത്ത് ഹഫ്സ്വയിൽനിന്ന് താൽക്കാലികമായി അതു വാങ്ങി അതിന്റെ ഏതാനും പകർപ്പുകളുണ്ടാക്കി. പിന്നെ അത് ഹദ്റത്ത് ഹഫ്സ്വക്കുതന്നെ തിരിച്ച് കൊടുക്കുകയും ചെയ്തു. ഹിജ്രി അമ്പത്തി നാലിൽ മർവാൻ മദീനയുടെ അധികാരിയായപ്പോൾ ഈ ഖുർആൻ പ്രതി ഹദ്റത്ത് ഹഫ്സ്വയിൽ നിന്നു വാങ്ങാൻ ആഗ്രഹിച്ചു. പക്ഷേ, ഹദ്റത്ത് ഹഫ്സ്വ അത് കൊടുക്കുന്നതിന് വിസമ്മതിക്കുകയാണ് ചെയ്തത്. ഹദ്റത്ത് ഹഫ്സ്വയുടെ മരണത്തിനുശേഷം മർവാൻ, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമറിൽ നിന്ന് ആ പ്രതി വാങ്ങി നശിപ്പിക്കുകയുണ്ടായി. എന്നാൽ, ഹദ്റത്ത് ഉഥ്മാൻ(റ)നേരത്തെ തന്നെ അത് സംരക്ഷിച്ചു കഴിഞ്ഞിട്ടുണ്ടാ

യിരുന്നു.' *(സയ്റുസ്സഹാബ, വാല്യം 1, പേജ് 44, ദാറുൽഇശാഅത്ത് കറാച്ചി, 2004)(ഫത്ഹുൽ ബാരി, കിതാബു ഫളാഇലുൽ ഖുർആൻ, ബാബു ജംഉൽഖുർആൻ, വാല്യം 8, പേജ് 636-637, ദാറുർറയ്യാൻ ലിത്തുറാഥ് അൽഖാഹിറ 1887)*

ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) ഏറ്റവും ആദ്യം ചെയ്ത് ജോലി, അല്ലെങ്കിൽ അദ്ദേഹത്തിന്റെഏതൊരു ശ്ലാഘനീയമായ കർമങ്ങളാണോ അദ്ദേഹത്തിന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ടത് അവയ്ക്ക് *'ഔവ്വലിയാത്തെ അബൂബക്ർ'*എന്ന് നാമം നല്കപ്പെട്ടിരുന്നു. അതായത് 'അബൂബക്റിന്റെ പ്രഥമ കാര്യങ്ങൾ.' ഒരുപാട് കാര്യങ്ങളുണ്ട്. അദ്ദേഹം ഏറ്റവുമാദ്യം ചെയ്തിട്ടുള്ള അദ്ദേഹത്തിന്റെ ജോലികളായിരുന്നു അവ. ഒന്നാമതായി അവിടന്ന് ഏറ്റവുമാദ്യം ഇസ്‌ലാം സ്വീകരിച്ചു. രണ്ടാമത്തേത് മക്കയിൽ അദ്ദേഹത്തിന്റെ വസതിക്ക് മുന്നിലാണ് ഏറ്റവും ആദ്യത്തെ മസ്ജിദ് ഉണ്ടാക്കിയത്. മൂന്നാമത്തേത് നബി(സ)തിരുമേനിയെ പിന്തുണച്ചുകൊണ്ട് ഏറ്റവുമാദ്യം മക്കയിലെ ഖുറയ്ശികളുമായി യുദ്ധം ചെയ്ത വ്യക്തി. നാലാമത്തേത് ഇസ്‌ലാമിന്റെ പേരിൽ നിരവധി അടിമ സ്ത്രീകളും പുരുഷന്മാരും ദ്രോഹിക്കപ്പെട്ടപ്പോൾ ഏറ്റവുമാദ്യം അവരെ വിലയ്ക്ക് വാങ്ങി സ്വതന്ത്രനാക്കിയ വ്യക്തി. അഞ്ചാമത്തേത് ഏറ്റവുമാദ്യം വിശുദ്ധ ഖുർആനിനെ ഒരു ഗ്രന്ഥത്തിൽ സമാഹരിച്ച വ്യക്തി. ആറാമത്തേത് വിശുദ്ധ ഖുർആനിന് ഏറ്റവുമാദ്യം മുസ്ഹഫ് എന്ന നാമകരണം ചെയ്ത വ്യക്തി. ഏഴാമത്തേത് ഖുലഫാഉർറാശിദീങ്ങളിൽ പ്രഥമൻ. എട്ടാമത്തേത് നബി(സ)തിരുമേനിയുടെ ജീവിത കാലത്ത് 'അമീറുൽ ഹജ്ജായി' നിയമിക്കപ്പെട്ട ആദ്യത്തെ വ്യക്തി. ഒമ്പതാമത്തേത് നബി(സ)തിരുമേനിയുടെ ജീവിത കാലത്ത് മുസ്‌ലിമീങ്ങൾക്ക് ഇമാമത്ത് വഹിച്ച ആദ്യത്തെ വ്യക്തി. പത്താമത്തേത് ഇസ്‌ലാമിൽ ബയ്ത്തുൽമാൽ സ്ഥാപിച്ച ആദ്യത്തെ വ്യക്തി. പതിനൊന്നാമത്തേത് മുസ്‌ലിമീങ്ങൾ വേതനം നിശ്ചയിച്ചു നൽകിയ ആദ്യത്തെ ഇസ്‌ലാമിക ഖലീഫ. പന്ത്രണ്ടാമത്തേത് തന്റെ പിൻഗാമിയെ നാമനിർദേശം ചെയ്ത ആദ്യത്തെ ഖലീഫ. ഹദ്റത്ത് ഉമറിനെ അദ്ദേഹം നാമനിർദേശം ചെയ്യുകയാണുണ്ടായത്. പതിമൂന്നാമത്തേത് ഖലീഫയായ സമയത്ത് പിതാവ് ജീവിച്ചിരിപ്പുണ്ടായിരുന്ന ആദ്യത്തെ ഖലീഫ. അദ്ദേഹം ഖലീഫയായ സമയത്ത് അദ്ദേഹത്തിന്റെ പിതാവ് അബൂഖുഹാഫ ജീവിച്ചിരുപ്പുണ്ടായിരുന്നു. പതിനാലാമത്തേത് ഇസ്‌ലാമിൽ ഏറ്റവുമാദ്യം നബി(സ)തിരുമേനി വിളിപ്പേരിട്ടത് ഇദ്ദേഹത്തിനായിരുന്നു. പതിനഞ്ചാമത്തേത് നാലു തലമുറകൾക്ക് സ്വഹാബിയാകാൻ കഴിഞ്ഞ ആദ്യത്തെ വ്യക്തിത്വം. അദ്ദേഹത്തിന്റെ പിതാവ് അബൂഖുഹാഫയും, ഹദ്റത്ത് അബൂബക്റും മകൻ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ അബീബക്റും പൗത്രൻ ഹദ്റത്ത് മുഹമ്മദ് ബിൻ അബ്ദുർറഹ്മാൻ ബിൻ അബീബക്റും സ്വഹാബാക്കളായിരുന്നു. *(അസ്സിദ്ദീഖ്, പ്രഫസർ അലി മുഹ്സിൻ സിദ്ദീഖീ പേജ് 381-382)*

ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ ശ്രേഷ്ഠതയെ സംബന്ധിച്ച് രേഖപെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ പരിശുദ്ധ രൂപവിശേഷത്തെ സംബന്ധിച്ച് ഹദ്റത്ത് ആഇശാ(റ) പറയുന്നു: 'അവർ ഒരു അറബിയെ കാണുകയുണ്ടായി. അദ്ദേഹം നടന്നു പോകുകയായിരുന്നു. ആ സമയത്ത് ഹദ്റത്ത് ആഇശാ(റ) തന്റെ പല്ലക്കിലായിരുന്നു. അവർ പറഞ്ഞു: 'ആ വ്യക്തിയേക്കാളും അധികം ഹദ്റത്ത് അബൂബക്റുമായി താദാത്മ്യമുള്ള ഒരാളെയും ഞാൻ കണ്ടിട്ടില്ല. നിവേദകൻ പറയുന്നു: ഞങ്ങൾ ഹദ്റത്ത് ആഇശയോട് ചോദിച്ചു: താങ്കൾ ഞങ്ങൾക്കു വേണ്ടി ഹദ്റത്ത് അബൂബക്ർ(റ)ന്റെ രൂപാകൃതിയെ കുറിച്ച് പറഞ്ഞു തന്നാലും. ഹദ്റത്ത് ആഇശാ(റ) പറഞ്ഞു: ഹദ്റത്ത് അബൂബക്ർ, വെളുത്ത നിറമുള്ള മെലിഞ്ഞ ശരീര പ്രകൃതമുള്ള ആളായിരുന്നു. കവിളിൽ മാംസം കുറവായിരുന്നു. മുതുക് അല്പം വളഞ്ഞിട്ടുണ്ടായിരുന്നു. അദ്ദേഹത്തിന്റെ അരപ്പട്ട അരയിൽ നിൽക്കുമായിരുന്നില്ല. താഴേക്ക് ഇറങ്ങിയിരുന്നു. മുഖത്ത് മാംസം കുറവായിരുന്നു. അതായത് മുഖം നിറഞ്ഞുതുടുത്തതായിരുന്നില്ല. കണ്ണുകൾ താഴേക്ക് കുഴിഞ്ഞിരുന്നു. നെറ്റി വലുപ്പമുള്ളതായിരുന്നു. *(അത്ത്വബഖാത്തുൽകുബ്റാ, വാല്യം 3, പേജ് 140, "അബൂബക്ർ സിദ്ദീഖ് വമിൻ ബനീ തയ്മിം ബിൻ മുർറ ബിൻ കഅ്ബ്, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

ഇബ്നു സീരീൻ പറയുന്നു: ഞാൻ ഹദ്റത്ത് അനസ് ബിൻ മാലികിനോട് ചോദിച്ചു: ഹദ്റത്ത് അബൂബക്ർ ഡൈ ചെയ്തിരുന്നുവോ. അദ്ദേഹം പറഞ്ഞു. അതേ, ചെയ്തിരുന്നു. മൈലാഞ്ചി കൊണ്ടും 'കത്തം' കൊണ്ടും തന്റെ മുടിയും താടിയും നിറം പിടിപ്പിച്ചിട്ടുണ്ടായിരുന്നു. 'കത്തം' ഒരു ചെടിയുടെ പേരാകുന്നു.(സ്വഹീഹ് മുസ്‌ലിം, കിതാബുൽ ഫളാഇൽ, ബാബു ശയ്ബ(സ), ഹദീഥ് 4304, വാല്യം 12, പേജ് 248-249, മഅ ഹാശിയ, നൂർ ഫൗണ്ടേഷൻ റബ്വ)

അദ്ദേഹത്തിന്റെ ദൈവഭയത്തേയും തഖ്‌വയേയും സംബന്ധിച്ച് പറയുന്നു: നബി(സ)തിരുമേനി, ഹദ്റത്ത് റബീഅ ബിൻ ജഅ്ഫറിനും ഹദ്റത്ത് അബൂബക്റിനും കുറച്ച് സ്ഥലം നൽകിയിരുന്നു. അവർക്കിടയിൽ ഒരു മരം സംബന്ധിച്ച് അഭിപ്രായവ്യത്യാസമുണ്ടായി. ഹദ്റത്ത് അബൂബക്ർ തർക്കത്തിനിടയിൽ എന്തോ പരുഷമായി സംസാരിച്ചു. പിന്നീട് അദ്ദേഹത്തിന് അതെകുറിച്ച് ലജ്ജയും തോന്നി. അപ്പോൾ പറഞ്ഞു: 'റബീഅ! താങ്കളും എന്നോടു ഇതേ രീതിയിൽ പരുഷമായ രീതിയിൽ സംസാരിക്കുക. അങ്ങനെ ഞാൻ പറഞ്ഞതിന് പ്രതികാരമാകട്ടെ.' അതായത് ഞാൻ നിങ്ങളെ പറഞ്ഞതു പോലെ നിങ്ങൾ എന്നോടും പറയുക. എന്നാൽ, ഹദ്റത്ത് റബീഅ വിസമ്മതിച്ചു. അവർ രണ്ടു പേരും നബി(സ) തിരുമേനിയുടെ സന്നിധിയിലെത്തി എല്ലാ കാര്യങ്ങളും വിശദീകരിച്ചു. അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: 'റബീഅ! നിങ്ങൾ പരുഷമായി മറുപടി പറയരുത്. ഇങ്ങനെ ദുആ ചെയ്യുക. ഗഫറല്ലാഹു ലക്ക യാ അബാബക്റിൻ. അബൂബക്റേ!, അല്ലാഹു താങ്കൾക്ക് പൊറുത്തു തരട്ടെ. ഹദ്റത്ത് റബീഅ അങ്ങനെ തന്നെ ചെയ്തു. ഹദ്റത്ത് അബൂബക്ർ(റ) ഇതുകേട്ടപ്പോൾ എത്രമാത്രം പ്രഭാവിതനായെന്നാൽ അദ്ദേഹം വാവിട്ടുകരഞ്ഞുകൊണ്ട് തിരിച്ചു പോയി. *(ഫത്ഹുൽബാരി, ശറഹ് സ്വഹീഹു ബുഖാരി, ലി ഇബ്നി ഹജർ അസ്ഖലാനീ, വാല്യം 7, പേജ് 31, ഹദീഥ് 3661, ഖദീമീ കുതുബു ഖാന ആരാം ബാഗ് കറാച്ചി)*

ഒരു നിവേദനത്തിൽ പറയുന്നു: ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) ഒരു മരത്തിന് മുകളിൽ ഒരു പക്ഷിയെ കണ്ടു. അദ്ദേഹം അതിനോട് പറഞ്ഞു: അല്ലയോ പക്ഷീ! നിനക്ക് സുവാർത്തയായിരിക്കട്ടെ. അല്ലാഹുവാണ! ഞാൻ നിന്നെ പോലെയാകാൻ ആഗ്രഹിക്കുന്നു. നീ മരത്തിന് മുകളിൽ ഇരിക്കുകയും പഴങ്ങൾ തിന്നുകയും പിന്നെ പറന്നു പോകുകയും ചെയ്യുന്നു. നിനക്ക് ഒരുവിധ കണക്കെടുപ്പും ഇല്ല; ശിക്ഷയും ഇല്ല.

അല്ലാഹുവാണ!ഞാൻ ആഗ്രഹിക്കുന്നത്, ഞാൻ വഴിയോരത്ത് നിൽക്കുന്ന ഒരു മരമായിരുന്നുവെങ്കിൽ എത്ര നന്നായേനെ എന്നാണ്. എന്റെ അടുത്തൂടെ നടന്നു പോകുന്ന ഒട്ടകം എന്നെ പിഴുതെടുക്കുകയും വായിലിട്ട് ചവയ്ക്കുകയും പിന്നെ എത്രയും പെട്ടെന്ന് എന്നെ ഉള്ളിലേക്ക് ഇറക്കുകയും പിന്നെ എന്നെ അതിന്റെ ചാണകമായി പുറന്തള്ളുകയുംചെയ്തിരുന്നെങ്കിലെന്നാണ്,ഞാൻ മനുഷ്യനല്ലായിരുന്നെങ്കിൽ എന്നാണ്!' *(കൻസുൽഉമ്മാൽ, ഭാഗം 12, പേജ് 237, കിതാബുൽഫളാഇൽ, ബാബു ഫളാഇലുസ്സഹാബ, ഹദീഥ് 35694, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)സൂറത്ത് നബഅ് ലെ നാല്പത്തി ഒന്നാമത്തെ ആയത്ത് ***വ യഖൂലുൽ കാഫിറു യാലയ്ത്തനീ കുൻതു തുറാബാ.*** അതായത് 'അവിശ്വാസി, താൻ മണ്ണായിരുന്നെങ്കിൽ എത്രനന്നായേനെ എന്ന് വിലപിക്കുകയും ചെയ്യുന്ന നാളിൽ!'എന്നതിന്റെ വിശദീകരണത്തിൽ പറയുന്നു:

"ചില മുസ്‌ലിം കക്ഷികൾ സ്വഹാബാക്കളോടുള്ള വിരോധത്തിൽ എത്രമാത്രം അതിരുകടന്നുവെന്നാൽ അവർ പറയുന്നു, ഹദ്റത്ത് അബൂബക്റിന്റെ മരണ വേളയിൽ അദ്ദേഹം

ശേഷം പേജ് 9 ൽ

**• കലാമുൽ ഇമാം •**

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."**

**(മൽഫൂദാത്ത് വാല്യം 1, പേജ് 220)**

**• കലാമുൽ ഇമാം •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'**

**(മൽഫൂദാത്ത് വാല്യം 3, പേജ് 38)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

**ത്വാലിബെ ദുആ:**
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ജർമൻ പര്യടനം (2015 മെയ്, ജൂൺ)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

കഴിഞ്ഞ ലക്കം പേജ് 12
കോളം 3-ൽ നിന്ന് തുടർച്ച

### മെയ് 24, ഞായറാഴ്ച 2015

പത്ര പ്രതിനിധി: ഇസ്‌ലാമിനെ സംബന്ധിച്ച് ജനങ്ങളിൽ നിലനിൽക്കുന്ന ഏറ്റവും വലിയ തെറ്റുധാരണ താങ്കളുടെ അഭിപ്രായത്തിൽ എന്താണ്?

**ഹുദൂർ അൻവർ:** താങ്കൾ പത്രപ്രവർത്തകനാണ്. തെറ്റുധാരണ എന്താണെന്ന് താങ്കൾ അറിയേണ്ടതുണ്ട്. ഏറ്റവും വലിയ തെറ്റുധാരണ ഞാൻ വിവരിച്ചു കഴിഞ്ഞു. വഴികേടായ അധ്യാപനമാണ് ഇസ്‌ലാമിന്റേതെന്ന നിലയിലാണ് അത് കൊടുക്കുന്നത്. ഇക്കഴിഞ്ഞ ദിനങ്ങളിൽ ഐ എസ് ഐ എസ് ലീഡർ ഇതേ പ്രസ്താവനയാണ് നടത്തിയത്. ഇസ്‌ലാം ജിഹാദിന്റേയും തീവ്രവാദത്തിന്റേയും മതമാണെന്ന് മൂന്നുനാലു ദിവസം മുമ്പേയാണ് അയാൾ പ്രസ്താവിച്ചത്. അതിൽ സ്നേഹത്തിന്റേയോ അനുകമ്പയുടേയോ സാഹോദര്യത്തിന്റേയോ ഒരുവിധ കാര്യവുമില്ലത്രെ! ഈ വിചാരങ്ങൾ ഉടലെടുക്കുമ്പോൾ പിന്നെ ഇപ്പോൾ സംഭവിക്കുന്നത് നടക്കുന്നു. സൗദ്യ അറേബ്യയിൽ നോക്കുക. തങ്ങളാണ് ഉന്നതനായ അല്ലാഹുവിന്റെ ഭവനത്തിന്റെ സംരക്ഷകർ എന്ന വാദം ഒരു ഭാഗത്ത്. ലോകത്തെ ഏറ്റവും ഉന്നതനും ഖാത്തമുന്നബിയ്യീനുമായ വ്യക്തിയുടെ അന്ത്യവിശ്രമസ്ഥലം തങ്ങളുടെ ഭൂമിയിലാണെന്ന വാദം ഒരു ഭാഗത്ത്. ഇവിടെ അദ്ദേഹം ജനിച്ചു. ഇവിടെ മറയടക്കപ്പെട്ടു. ഒരുവിധ വിവേചനവും കൂടാതെ ഓരോ മുസ്‌ലിം വിഭാഗത്തിനും അവിടെ പോകാനും ഹജ്ജ് ചെയ്യാനും മദീനയിൽ പോകാനും അനുവാദമുണ്ട്. എല്ലാ ഹജ്ജിന്റെ കർമങ്ങളും നിർവഹിക്കാനും തുറന്ന നിലയിൽ അനുവാദമുണ്ട്. എന്നാൽ, അഹ്മദിയ്യാ ജമാഅത്തിന് ഹജ്ജ് ചെയ്യാൻ അനുവാദമില്ല.

ജമാഅത്തിന്റെ കാര്യം മാറ്റിവെക്കുക. മറ്റുള്ളവർ തങ്ങളെ മുസ്‌ലിം എന്ന് പറയുന്നു. അവർ കലിമ ഉച്ചരിക്കുന്നു. ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദു റസൂലുല്ലാഹ് അല്ലാഹു അല്ലാതെ ആരാധ്യൻ ആരുമില്ല, മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണ് എന്ന കലിമ ഉച്ചരിക്കലാണ് മുസ്‌ലിമിന്റെ അടയാളമെന്നാണ് നബി(സ)തിരുമേനി അരുളിയത്. കലിമ ഉച്ചരിക്കുന്നവർ മുസ്‌ലിമാണ്. എന്നല്ല ***ലാ ഇലാഹ ഇല്ലല്ലാഹ്*** അല്ലാഹു അല്ലാതെ ആരാധ്യനില്ല എന്ന് പറഞ്ഞാലും മുസ്‌ലിമാണെന്ന നിവേദനവും വന്നിട്ടുണ്ട്. കലിമ ഉച്ചരിക്കുന്ന മുസ്‌ലിമീങ്ങളോട് ഈയിടെയായി ചെയ്തു വരുന്നതെന്തൊക്കെയാണ്. യമനിൽ യുദ്ധം നടന്നു വരുന്നു. ഇത് ഗ്രൂപ്പിസത്തിന്റെ യുദ്ധമാണ്. തുറന്ന നിലയിൽ അനുവാദം നല്കുന്നുവെന്നും ഒരു വിഭാഗവുമായും ബന്ധമില്ലെന്നുമുള്ള വാദം ഒരു ഭാഗത്ത്. മറുഭാഗത്ത് ഗ്രൂപ്പിസത്തിന്റെ യുദ്ധം നടത്തുന്നു. ഇതു മാത്രമല്ല, രണ്ടു ദിവസം മുമ്പേയുണ്ടായതാണ്. ഇവിടെ സൗദ്യ അറേബ്യയ്ക്കുള്ളിൽ ശിയാ മുസ്‌ലിമീങ്ങളുടെ ഒരു പള്ളിയോ ഇമാമിന്റെ സ്മൃതി മണ്ഡപമോ ഉണ്ടായിരുന്നു. അവിടെ ആക്രമണം നടന്നു. 22 പേർ മരിച്ചു. വളരെയധികം പേർക്ക് പരിക്കേറ്റു. ഇനി അവിടേയും കുഴപ്പങ്ങൾ ഉടലെടുക്കും. ഇവർ ഉണ്ടാക്കുന്നതു കാരണത്താലാണിത്.

സലഫികൾ സൗദ്യ അറേബ്യയുടെ സൃഷ്ടിയാണ്. അതേപോലെതന്നെ തീവ്രസ്വഭാവമുള്ള സലഫികളുമുണ്ട്. ഇക്കാര്യങ്ങളെല്ലാം വ്യക്തമാക്കുന്ന ഒരു കാര്യമുണ്ട്, മുസ്‌ലിമീങ്ങളിലെ എല്ലാ വിഭാഗങ്ങളും പരിശുദ്ധസ്ഥലം എന്ന് മനസ്സിലാക്കി അവിടെ പോകുന്നു. അതിന്റെ സംരക്ഷകനാണെന്ന നിലയിലാണ് അവിടുത്തെ രാജാവിനേയും ആദരിക്കുന്നത്. എന്നിട്ടും ഇവർ മുസ്‌ലിം വിഭാഗങ്ങളോട് ഇങ്ങനെയാണ് പെരുമാറുന്നത്. അവരുടെ മനസ്സുകളിൽ നിലനിൽക്കുന്ന അഴുക്കുകൾ ഇപ്പോൾ പുറത്തു വരുന്നു. ഇസ്‌ലാമിന്റെ ധ്വജവാഹകരാണെന്നും ഇസ്‌ലാമിനെ പരിഷ്കരിക്കാൻ കഴിയുമെന്നും മനസ്സിലാക്കുന്ന ഇവർതന്നെ തീവ്രവാദത്തിന്റെ അധ്യാപനവും നല്കുന്നു.

ഇപ്പോൾ തീവ്രവാദത്തിന് ഒരു വിരാമവും ഇല്ലാതായിരിക്കുന്നു. സർവ ഇടത്തും അത് നടക്കുന്നു, നടന്നു കൊണ്ടിരിക്കുകയും ചെയ്യും. ഇതുതന്നെയാണ് ഇസ്‌ലാമിന്റെ മേലുള്ള ഏറ്റവും വലിയ ആരോപണവും. ഞങ്ങൾ അഹ്മദിയ്യാ ജമാഅത്ത് പറയുന്നത്, നിങ്ങൾ ഞങ്ങളുടെമേൽ ജിഹാദിയാണെന്നും തീവ്രവാദിയാണെന്നും സ്വന്തം മതത്തെ മാത്രം ശരിയാണെന്ന് കരുതുന്നുവെന്നും മറ്റും ആരോപണം ഉന്നയിക്കുന്നു. എന്നാൽ, ഇതെല്ലാം വ്യാജാരോപണമാണ്. വിശുദ്ധ ഖുർആൻ മുഖേനയോ ഹദീഥുകൾ മുഖേനയോ ജമാഅത്തിന്റെ പ്രവർത്തന മാതൃക മുഖേനയോ ഈ ആരോപണങ്ങൾ ശരിയാണെന്ന് സ്ഥാപിക്കാൻ നിങ്ങൾക്ക് സാധ്യമല്ല.

പത്ര പ്രതിനിധി: ഇന്ന് ലോകത്ത് നടക്കുന്ന സംഘർഷങ്ങളിൽ(conflict) മുസ്‌ലിമീങ്ങൾ പരസ്പരം തങ്ങളുടെ കഴുത്തുകൾ വെട്ടുന്നു. ഇതിൽ ആരെയാണ് കൂടുതൽ കുഴപ്പക്കാരെന്ന് താങ്കൾ കാണുന്നത്? മുസ്‌ലിമീങ്ങളെയാണോ സ്വാർഥതാൽപര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന പാശ്ചാത്യ ശക്തികളെ യാണോ?

**ഹുദൂർ അൻവർ:** താങ്കൾ ബുദ്ധിയുപയോഗിക്കാതെ എന്റെ തെറ്റായ കാര്യങ്ങളിൽ ഇടപെട്ടുകൊണ്ട് സ്വന്തം സഹോദരന്റെ കഴുത്തറുത്താൽ പ്രേരണ നല്കുന്നയാളെത്ര വലിയ കുഴപ്പക്കാരനാണോ അത്രയും നിങ്ങളുമാകും. സ്വന്തം താൽപര്യം ലക്ഷ്യം വെക്കുന്ന ജനതകൾ അല്ലെങ്കിൽ വിഭാഗങ്ങൾ അല്ലെങ്കിൽ ഇസ്‌ലാം വളരുന്നത് കാണാനാഗ്രഹിക്കാത്തവർ അല്ലെങ്കിൽ ഏതെങ്കിലും വിധത്തിൽ ഇസ്‌ലാമിന്നെ തിരിൽ നിൽക്കുന്നവർ നിങ്ങളെ വിഡ്ഢികളാക്കി. കാരണം ഇക്കാലഘട്ടത്തിൽ പ്രവർത്തനരംഗത്ത് ഏതെങ്കിലും മതത്തിന്റെ അനുയായികൾ പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അത് മുസ്‌ലിമീങ്ങളാണ്. സ്വന്തം മതം സത്യമാണെന്ന് മനസ്സിലാക്കുന്നവർ ഇന്ന് മുസ്‌ലിമീങ്ങളാണ്. മതം അനിവാര്യമാണെന്ന് മനസ്സിലാക്കുന്നവരും മുസ്‌ലിമീങ്ങളാണ്. ക്രൈസ്തവ വിഭാഗത്തിന്റെ ഭൂരിഭാഗവും എഴുപത്തഞ്ച് ശതമാനത്തിലധികവും മതത്തെ ഉപേക്ഷിച്ചു കഴിഞ്ഞു.

ഏറ്റവുമധികം മതത്തെ ആദരിക്കുന്നവർ അമേരിക്കയിലാണെന്ന് ഒരു കാലത്ത് പറയപ്പെട്ടിരുന്നു. ഈയടുത്ത് നടന്ന സർവ്വേയിൽ ബഹുഭൂരിഭാഗവും പറഞ്ഞത് അവർക്ക് മതത്തിലൊട്ടും താൽപര്യമില്ലെന്നാണ്. മുമ്പേ 90 ശതമാനത്തിൽ ഉണ്ടായിരുന്നവർ രണ്ടു മൂന്ന് വർഷത്തിനുള്ളിൽ എഴുപത് ശതമാനത്തിലേക്ക് താഴ്ന്നു. ഈ കണക്കുകൾ വ്യക്തമാക്കുന്നത് മതത്തിൽനിന്നു അകലുന്നു എന്നാണ്. ഇസ്രായേലിലും സർവേ നടന്നതായി ഇക്കഴിഞ്ഞ ദിനങ്ങളിൽ പത്രത്തിൽ വന്നിരുന്നു. യഹൂദരിലും വളരെ വേഗത്തിൽ മതത്തിൽ താൽപര്യമില്ലെന്ന് പറയുന്നവർ വർധിച്ചു വരുന്നു. മതത്തെ അംഗീകരിക്കുന്നവർ വളരെ വേഗത്തിലാണ് കുറഞ്ഞു വരുന്നത്. ഇതിന്റെ ശതമാനക്കണക്ക് ശരവേഗത്തിലാണ് വർധിച്ചു വരുന്നത്.

മുസ്‌ലിമീങ്ങൾക്ക് മതത്തിൽ താൽപര്യമുള്ളതുകൊണ്ടും തങ്ങളുടെ മതം ശരിയാണെന്ന് മനസ്സിലാക്കുന്നതുകൊണ്ടും - അങ്ങനെതന്നെയാണ് വേണ്ടതും - മതത്തിനോട് വിരോധം പുലർത്തുന്നവർ ഇസ്‌ലാമും മേൽപറഞ്ഞതുപോലെ ഇല്ലാതാകണമെന്ന് ആഗ്രഹിക്കുന്നു. എന്നാൽ, അതൊരിക്കലും സംഭാവ്യമല്ല. അതുകൊണ്ട് ആ ജനതകൾ മുസ്‌ലിമീങ്ങളെ വിറളിപിടിപ്പിക്കുന്നു. സമൂഹങ്ങളേയും ഗ്രൂപ്പുകളേയും പ്രകോപിപ്പിക്കുന്നു. ഈ ഗ്രൂപ്പുകൾ അവരുടെതന്നെ സൃഷ്ടിയാണ്. ഇക്കാര്യം മിക്ക സ്ഥലങ്ങളിലും ഞാൻ പറഞ്ഞിട്ടുള്ളതാണ്. കഴിഞ്ഞ ദിനങ്ങളിൽ നടന്ന പീസ് സിംപോസിയത്തിന്റെ അവസരത്തിൽ ഇതു തന്നെയാണ് ഞാൻ വ്യക്തമാക്കിയത്. ഐ എസ് ഐ എസിനു അവരുടേതായ ഒരു വ്യവസായവുമില്ല. ഒരു ആയുധവും ഉണ്ടാക്കാൻ കഴിയുകയുമില്ല. അവർക്ക് ശാസ്ത്രീയ ഗവേഷണവുമായി ബന്ധപ്പെട്ടുള്ള സമീപനവുമില്ല. അത്യന്താധുനികമായ സാധനസാമഗ്രികളും അവരുടെ കൈയിൽ ഇല്ല. എന്നിട്ടും ഇവരുടെ സാമ്പത്തികാവസ്ഥ എങ്ങനെ ശക്തി പ്രാപിക്കുന്നു. നിത്യവും 06 മില്യൺ ഡോളർ വരുമാനമുണ്ടെന്ന് ഇവർതന്നെ പറയുന്നു. ഇവരുടെ കൈയിലുള്ള സംവിധാനത്തിന് അല്ലെങ്കിൽ ഇവർ വെച്ചിട്ടുള്ള പ്രവർത്തകർക്ക് നല്കുന്ന തുക ഒരു മില്യൺ ഡോളറാണെന്ന് പറയുന്നു. ബാക്കി തുക ഇവർ സമ്പാദിക്കുകയാണ്. ഈ തുകകൾ എവിടെനിന്ന് വരുന്നു എന്നതാണ് ഉയരുന്ന ചോദ്യം.

ഇപ്പോൾ നോക്കുക, ഇറാനിന്റെമേൽ ഉപരോധം ഏർപ്പെടുത്തുന്നു. ഇറാൻ മുമ്പേ നിലനിന്നുവരുന്ന ഒരു പുരാതന രാജ്യമാണ്. അതിന് സമ്പത്ത് വ്യവസ്ഥിതിയുണ്ട്. അവർക്ക് ഒരു വ്യവസ്ഥിതിയുണ്ട്. പൊതുമുതലുണ്ട്. ലോകത്തെ ഇതര രാഷ്ട്രങ്ങളുമായി വ്യവസായ ബന്ധമുണ്ട്, ബന്ധങ്ങളുണ്ട്. ഈ സാഹചര്യത്തിലും അവരുടെ മേൽ ഉപരോധം ഏർപ്പെടുത്തുമ്പോൾ അവരുടെ എണ്ണ മുഖേനയുള്ള വരുമാനത്തിന്റെ തോത് താഴ്ന്ന നിലയിലെത്തി 70 ശതമാനത്തിനും താഴേക്ക് പോകും. എന്നാൽ, ഐ എസ് ഐ

എസിന്റേത് താഴേക്ക് പോകുന്നില്ല. ഇവരുടെ എണ്ണ അതേപോലെ സമുദ്രത്തിലൂടെ കൊണ്ടു പോയിക്കൊണ്ടിരിക്കുന്നു. ക്രൂഡ്ഓയിൽ ബോട്ടിലിൽനിറച്ച് കാർബൂട്ടിലിൽ(car boot) കൊണ്ടു പോയി കയറ്റുമതി സാദ്ധ്യമല്ല. ഏതെങ്കിലും ടാങ്കറിൽ തന്നെയാണ് കൊണ്ടുപോകുന്നത്. ഓയിൽ ടാങ്കറിലാണ് പോകുന്നത്. വലിയ വലിയ കപ്പലിലാണ് പോകുന്നത്.

ഏതെങ്കിലും കുഴപ്പം ഇസ്‌ലാമിൽ ഉടലെടുക്കണമെന്ന് ആളുകളാഗ്രഹിക്കുന്നു എന്നതാണ് അടിസ്ഥാന കാര്യം; അത് നിലനിൽക്കണമെന്നും! യഥാർഥത്തിൽ ഇത് കപടന്മാർ സ്വഷ്ടിക്കുന്ന കുഴപ്പമാണ്. തുടക്കംന്നാൾ മുതൽതന്നെ നബി(സ) തിരുമേനിയുടെ കാലത്തും ഇതുണ്ടായിട്ടുണ്ട്. പിൽക്കാലത്ത് കുറച്ചുകൂടെ അധികമായ നിലയിലുണ്ടായി. ഇപ്പോൾ വീണ്ടും വർധിക്കുന്നു. ഇവർക്ക് ഇസ്‌ലാമിനോട് അനുകമ്പയില്ല. ഇസ്‌ലാമിന്റെ എതിരാളികളാണിവർ. വൻശക്തികളുടെ കൈകളിൽ ഇവർ വിഡ്ഢികളാവുകയാണ്. ഇവർക്ക് പണം കിട്ടുന്നു എന്നതാണ് കാരണം.

ഇസ്‌ലാമിന് എന്തെങ്കിലും സേവനം ചെയ്യണമെന്നാഗ്രഹിക്കുന്ന ഗുണകാംക്ഷികളായ ഒരു വിഭാഗവുമുണ്ട്. ഇവരാണ് അവിടെ പോകുന്നത്. യൂറോപ്പിൽനിന്നും യൂ.കെയിൽനിന്നും വിവിധ സ്ഥലങ്ങളിൽനിന്നും അമേരിക്കയിൽനിന്നും. ഇപ്പോൾ ഇവരെല്ലാം തീവ്രവാദികളായി കൊണ്ടിരിക്കുന്നു. ഓസ്ട്രേലിയായിൽനിന്നു ഇക്കഴിഞ്ഞ ദിനങ്ങളിൽ വാർത്ത വന്നിരുന്നു. ഇത് ശരിയല്ലെന്ന് ചിലർക്ക് തോന്നി തുടങ്ങിയിരിക്കുന്നു. ഇപ്പോളിവർ മടങ്ങിവരാനാഗ്രഹിക്കുന്നു. എന്നാലിപ്പോൾ മടങ്ങി വരവിന് മാർഗമൊന്നുമില്ല. കുടുങ്ങിക്കഴിഞ്ഞു. ഒന്നുകിൽ യുദ്ധം ചെയ്ത് മരിക്കുക, അല്ലെങ്കിൽ ഇവർ പറയുന്ന പോലെ ആയിത്തീരുക. അല്ലെങ്കിൽ പുറത്തുകടക്കാൻ ശ്രമിക്കുക. എന്നാലും മരിക്കും. ഒരു മാർഗവുമില്ല. അവിടുത്തേത് അവിടെ തന്നെയായി. അവരാണ് ഇപ്പോൾ സന്ദേശം അയച്ചത്.

അതേപോലെതന്നെ ഇക്കഴിഞ്ഞ ദിനങ്ങളിൽ നടന്ന ഒരു പ്രഭാഷണത്തിൽ ഞാൻ സൂചിപ്പിച്ചിരുന്നു:ഒരു ഫ്രഞ്ച് പത്ര പ്രവർത്തകൻ സ്വതന്ത്രനാക്കപ്പെട്ടു. ഇവർക്ക് ഖുർആനോ ഹദീഥോ എന്തു പറയുന്നുവെന്ന് അറിയില്ലെന്ന് ഇവർ വെളിപ്പെടുത്തിയ കാര്യം അദ്ദേഹം വന്ന് ലോകരുടെ മുമ്പിൽ വെളിപ്പെടുത്തി. അവർക്ക് ഇതുമായൊന്നും ഒരുവിധ ബന്ധവുമില്ലെന്നും അദ്ദേഹം വെളിപ്പെടുത്തി. സ്വയം എന്താണോ പറയുന്നത് അതുമാത്രമേ അവർക്ക് അറിയുകയുള്ളൂ. ഇവരുടെ നേതാവ് ആരാണെന്നു പോലും ഇപ്പോൾ അവർക്കറിയില്ല. മുമ്പേ, അബൂബക്ർ ബഗ്ദാദിയുടെ പേര് പറയാറുണ്ടായിരുന്നു. പിന്നീട് രണ്ടാം കമാണ്ടറിന്റെ പേരെടുത്തു. ഇക്കഴിഞ്ഞ ദിനങ്ങളിൽ അയാളേയും വധിച്ചതായി അമേരിക്ക പ്രഖ്യാപിച്ചു.. ഇനി മൂന്നാമത്തെ ആൾ ആരാണ്. അഥവാ ഇത്തരത്തിലുള്ള പലരുമുണ്ട്. അവരുടെ പേരുകൾ ഉപയോഗപ്പെടുത്തി വരുന്നു. അല്ലെങ്കിൽ ഇതിന്റെ മുമ്പേയുള്ള സ്ത്രീധനം മറ്റാരുടേയോ കൈകളിലാണ്. സ്ത്രീധനം തന്നെയാണ്. വിറപ്പിക്കുക എന്നു മാത്രം. ചിലപ്പോൾ ഇവിടെ കൊണ്ടു വരും ചിലപ്പോൾ അവിടെ കൊണ്ടു പോകും.

കുറ്റവാളി ആരെന്ന് താങ്കൾ ചോദിക്കുന്നു. മുസ്‌ലിമീങ്ങളിലെ ഈ വിഭാഗം കുറ്റവാളികളാണ്. ഇതു കേവലം ഗ്രൂപ്പുകളുടെ പരിധിയിലുള്ള കാര്യമാണ് ഞാൻ സൂചിപ്പിച്ചത്. ഇനി ഭരണകൂടങ്ങളിലേക്ക് വരാം. ഭരണകൂടങ്ങളും പടിഞ്ഞാറോട്ടാണ് നോക്കുന്നത്. വൻശക്തികളാണ് അവരുടെ സ്ത്രീധനം വലിക്കുന്നത്. സൗദ്യ അറേബ്യൻ രാജാവ് ഇപ്പോൾ തന്റെ ഭാഗത്തുനിന്നുള്ള ധൈര്യം കാണിച്ചിരിക്കുന്നു എന്ന് പറയപ്പെടുന്നു. അമേരിക്ക ആറേഴ് രാജ്യങ്ങളുടെ തലവന്മാരുടെ മീറ്റിംഗ് വിളിച്ചു. പങ്കെടുക്കില്ലെന്നും പ്രതിനിധിയെ അയക്കാമെന്നും അദ്ദേഹം അറിയിച്ചിരിക്കുന്നു. വളരെ നല്ലതെന്ന് ജനങ്ങൾ മനസ്സിലാക്കുന്നു. എന്നാൽ, അദ്ദേഹം രോഗിയാണെന്ന് ജനങ്ങൾക്കറിയില്ല. എന്താണ് സംഭവിക്കുന്നതെന്നു പോലും അദ്ദേഹത്തിന് അറിയില്ല. അദ്ദേഹം എല്ലാം മാറ്റിവെച്ചിരിക്കുകയാണ്.

അയച്ചതു തന്നെ വളരെ ശക്തമായൊരു കാര്യമാണ്. അദ്ദേഹം അമേരിക്കയിലേക്ക് പോയിട്ടുണ്ട്. അവരുടെ മുമ്പിൽ അദ്ദേഹം വലിയൊരു വ്യക്തിയായി നിലകൊള്ളുമെന്ന് ജനങ്ങൾ തെറ്റുധരിച്ചിരിക്കുന്നു. ഒന്നുമില്ല. അമേരിക്കക്കാരനായ കാസിനോസ് (casinos) ഇവരുടെ തലയ്ക്ക് മീതെയുണ്ട്. ഇവരുടെ ഭരണകൂടംതന്നെ അമേരിക്കയുടെ ശിരസ്സിലാണ് ചലിച്ചുകൊണ്ടിരിക്കുന്നത്. ഇവരെ ചലിപ്പിക്കുന്ന കൈ ഇസ്രയേലിന്റേതാണ്. ഇപ്പോൾ ഇസ്രായേൽ സൗദ്യ അറേബ്യയോട് പറയുന്നത് ഇറാനെ ആക്രമിക്കാനും ശിയാക്കളെ കൊല്ലാനുമാണ്. ഇതെല്ലാം നടന്നു വരുന്ന അക്രമമാണ്.

ഭരണകൂടങ്ങളും ഈ വൻശക്തികളുടെ കൈകളിലാണ്. ഒരു രാജ്യവും വികസിക്കാൻ ഈ ശക്തികൾ ആഗ്രഹിക്കുന്നില്ല. ഖത്വറിൽ വലിയ പുരോഗതി നടക്കുന്നതായി ഒരു സ്നേഹിതൻ എന്നോട് പറഞ്ഞു. ഞാൻ പറഞ്ഞു:ശുഭാപ്തി വിശ്വാസം വേണ്ട, ബെയ്റുത്തും ഒരു കാലത്ത് പാരീസ് എന്ന് വിളിക്കപ്പെട്ടിരുന്നു. ബാഗ്ദാദും ഒരു കാലത്ത് യൂറോപ്പ് എന്ന് വിളിക്കപ്പെട്ടിരുന്നു. ഇവയെയൊന്നും ആർക്കും നശിപ്പിക്കാൻ സാധിക്കില്ലെന്ന് ജനങ്ങൾ അഭിമാനം കൂറിയിരുന്നു. അവർ പുരോഗതിയും കൈവരിച്ചു. എന്നാൽ, പ്രസ്തുത രണ്ട് രാജ്യങ്ങളുടേയും പര്യവസാനം എന്തായെന്ന് നോക്കുക! ലബനാനിനും ബാഗ്ദാദിനും സമമായി ഖത്വർ പുരോഗതി പ്രാപിച്ചുവെന്ന് തോന്നിക്കഴിഞ്ഞാൽ പിന്നെ മനസ്സിലാകും അവർ നടത്താൻ പോകുന്ന ആക്രമണത്തിന്റെ ആഘാതം. അതുകൊണ്ട് ഒട്ടും ശുഭപ്രതീക്ഷ വെച്ചു പുലർത്തേണ്ടെന്ന് ഞാൻ സ്നേഹിതനോട് പറഞ്ഞു.

ജേർണലിസ്റ്റ്: കുറച്ചു കാലമായി ലോകർ ബൊക്കോ ഹറാമി(Boko Haram)ന്റേയും ഐ എസ് ഐ എസിന്റേയും ഖിലാഫത്തിനെ കുറിച്ചും കേട്ടു വരുന്നു. എന്നാൽ, അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ചും ഇവരുടെ മറ്റു ഖിലാഫത്തിനെ കുറിച്ചും ജർമൻ ജനത കേട്ടുവരുന്നു. വ്യത്യാസമെന്താണ്?

**ഹുദൂർ അൻവർ**: ഖിലാഫത്തിനെ സംബന്ധിച്ചിടത്തോളം ഇത് പുതിയതൊന്നുമല്ല. ബോക്കോ ഹറാംകാർ സ്വയം ഖലീഫയാണെന്ന് വാദിക്കുന്നു. ഐ എസ് ഐ എസുകാരും സ്വയം ഇസ്‌ലാമിന്റെ ഖലീഫ എന്ന് വാദിക്കുന്നു. സൗദ്യ രാജാവ് പറഞ്ഞാലും ഇല്ലെങ്കിലും അദ്ദേഹത്തിന്റെ മനസ്സിലും താൻ ഖലീഫയാണെന്ന വിചാരമുണ്ട്. മൊറോക്കോ രാജാവും ഖലീഫ എന്ന് വിളിക്കപ്പെടുന്നു. മനസ്സിലാക്കപ്പെടുന്നു. കൂടാതെ ഇസ്‌ലാമിന്റെ തകർച്ചക്ക് മുമ്പേ ഉഥ്മാനിയാ ഭരണകൂടത്തിലും ഒരു ഖിലാഫത്ത് നിലനിന്നിരുന്നു. അക്കാലഘട്ടത്തിൽ ഇനി ഒരുവിധ ഖിലാഫത്തുമുണ്ടാകുകയില്ലെന്നും ഇപ്പോൾ താൻ വന്നിരിക്കുന്നുവെന്നും ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) പ്രഖ്യാപിച്ചിരുന്നു. ഏതാനും വർഷങ്ങൾക്കുശേഷം ഇവരുടെ ഖിലാഫത്തിന് അന്ത്യം കുറിക്കപ്പെട്ടു.

ഹുദൂർ അൻവർ പറഞ്ഞു: ഏതൊരു കാര്യവും ചെയ്യുന്നതിന് ചില അടിസ്ഥാന തത്ത്വങ്ങളും വ്യവസ്ഥിതികളുമുണ്ട് എന്നതിലാണ് കാര്യം. ഇസ്‌ലാം വളരെ വലിയ യുക്തി ജ്ഞാനത്തിന്റെ അധ്യാപനം നല്കുന്ന മതമാണെന്നാണ് നാം പറയുന്നത്. യുക്തി സമ്പൂർണമായ അധ്യാപനം നല്കുമ്പോൾ അതിനു വിരുദ്ധമായ പ്രവൃത്തികളുണ്ടാകരുത്. ഒരു ഭരണകൂടം സ്ഥാപിക്കേണ്ടി വരുമ്പോൾ ഒറ്റ നിമിഷം കൊണ്ട് ഒരിക്കലും നിലവിൽ വരുകയില്ല. താൻ രാജാവാണെന്നും എല്ലാവരും പിന്തുണക്കുകയോ നാടു വിടുകയോ ചെയ്യണമെന്നും ഒരു രാജാവും ഒറ്റ നിമിഷത്തിൽത്തന്നെ വിളംബരപ്പെടുത്തില്ല. ഭൗതിക ഭരണകൂടങ്ങളും സ്ഥാപിതമാകുമ്പോൾ ആദ്യം ഒരു പാർട്ടിയായിരിക്കും രൂപം കൊള്ളുന്നത്. പിന്നീട് ഘട്ടംഘട്ടമായി പുരോഗതി കൈവരിക്കുകയാണ് ചെയ്യുന്നത്. എന്നാൽ, ഒറ്റ നിമിഷത്തിൽ സ്ഥാപിക്കുന്നത് ഏകാധിപത്യമാണ്. അതും ഏകാധിപത്യത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ ഭൗതിക ഭരണകൂടങ്ങൾ ഏറ്റെടുക്കപ്പെടുന്നു. രാജാവ് ഇതര രാജ്യങ്ങളെ ആക്രമിച്ച് പിടിച്ചെടുക്കുന്നു.

അതുകൊണ്ട് ഇസ്‌ലാം, യുക്തിയുടെ മതമാണ്. എല്ലാ കാര്യത്തിനും ഇസ്‌ലാം ഒരു തെളിവ് സമർപ്പിക്കുന്നു. ഖിലാഫത്തിന്റെ ബന്ധം നുബുവ്വത്തുമായിട്ടാണെന്ന അടിസ്ഥാനകാര്യം ഇസ്‌ലാം മുന്നോട്ടു വെക്കുന്നു. ആദ്യം നുബുവ്വത്താണെന്നും പിന്നീട് നുബുവ്വത്തിന്റെ സരണിയിലുള്ള ഖിലാഫത്താണെന്നും നബി(സ)തിരുമേനി പറഞ്ഞിരിക്കുന്നു. ഇതേ മാർഗത്തിൽ ചലിക്കുന്ന ഖിലാഫത്താണ് നുബുവ്വത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നത്. നുബുവ്വത്തിന്റെ അടിസ്ഥാനങ്ങൾ എന്തൊക്കെയാണ്. നീതി പുലർത്തുക, ഉന്നതനായ ദൈവത്തിലേക്ക് ജനങ്ങളെ നയിക്കുക, കാരുണ്യം കാണിക്കുക തുടങ്ങിയവയാണ് നുബുവ്വത്തിന്റെ അടിസ്ഥാനകാര്യങ്ങൾ. അക്രമം തന്നെയാണ് വേണ്ടിയിരുന്നതെങ്കിൽ ദൈവം തന്നെ റഹ്മാൻ എന്നും റഹീം എന്നും വിശേഷിപ്പിക്കില്ല. അക്രമം തന്നെയാണ് വേണ്ടിയിരുന്നതെങ്കിൽ നബി(സ)തിരുമേനിയെ **റഹ്മത്തുൻല്ലിൽ ആലമീൻ** എന്ന് പ്രഖ്യാപിക്കില്ല. ഇസ്‌ലാമിൽ യുദ്ധങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ, അതിന്റെ തെളിവുകളും വിശുദ്ധ ഖുർആനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തെളിവില്ലാതെ ഒരു യുദ്ധവും നടന്നിട്ടില്ല. കാരണമില്ലാതെ ആക്രമിക്കരുതെന്നും വാളുകൾ ചലിപ്പിക്കരുതെന്നും വ്യക്തമാക്കുന്ന ഖുർആൻ എതിർ വിഭാഗത്തോട് അവരെന്താണ് ആഗ്രഹിക്കുന്നതെന്ന് മുമ്പേതന്നെ ചോദിക്കണമെന്നും നിർദ്ദേശിക്കുന്നു. യുദ്ധമാണോ അനുരഞ്ജനമാണോ ആഗ്രഹിക്കുന്നതെന്ന് ചോദിക്കണമെന്നും യുദ്ധം അടിച്ചേൽപ്പിക്കില്ലെന്നും അവരെ അറിയിക്കണം.

നിങ്ങൾക്ക് സലാം പറയുന്നവരോട് വിശ്വാസിയല്ലെന്ന് പറയരുതെന്ന് വിശുദ്ധ ഖുർആൻ നിഷ്കർഷിക്കുന്നു. ഖിലാഫത്ത് നല്കപ്പെടുന്നതിനും ചില അടിസ്ഥാന കാര്യങ്ങളുണ്ട്. ഈയടിസ്ഥാനത്തിൽ നബി(സ)തിരുമേനി പറഞ്ഞു:'ആദ്യം നുബുവ്വത്ത്, തുടർന്ന് നുബുവ്വത്തിന്റെ സരണിയിലുള്ള ഖിലാഫത്ത്. അതിനുശേഷം ഇസ്ലാമിന്റെ ഭരണകൂടം നിലനിന്നെങ്കിലും ചക്രവർത്തി സ്വന്തത്തെ ഖലീഫ എന്ന് വിളിച്ചു. എന്നാൽ, അത് രാജഭരണമായിരുന്നു. തുടർന്ന് ഏകാധിപതികളുടെ ഭരണം വരും. തീവ്രവാദ ഭരണം വരും. തുടർന്ന് ഹദ്റത്ത് വാഗ്ദത്ത മസീഹ് വെളിപ്പെടുന്ന കാലം സമാഗതമാകും. അതിനുശേഷം വീണ്ടും അദ്ദേഹത്തെ തുടർന്നു വരുന്ന നുബുവ്വത്തിന്റെ മാർഗേണ വരുന്ന ഖിലാഫത്ത് സ്ഥാപിതമാകും. ഇപ്പോൾ നിലനില്ക്കുന്ന ഇതര ഖിലാഫത്തുകളുടെ വാദഗതി ഉന്നയിക്കുന്നവർ രാജാധിപത്യത്തിന്റേയും ചക്രവർത്തിമാരുടേയും ഏകാധിപതികളുടേയും ഭരണകൂടമായാണ് പ്രവർത്തിക്കുന്നത്. നബി(സ)തിരുമേനി വിവരിച്ച സുദീർഘമായ മേൽതത്ത്വങ്ങളെ ഇവർ അംഗീകരിക്കുന്നില്ല. കുഴപ്പങ്ങൾ സൃഷ്ടിക്കുന്ന ഭരണത്തിനും ഏകാധിപത്യഭരണത്തിനും ശേഷം വാഗ്ദത്ത മസീഹ് (അ) വരുമെന്നും അദ്ദേഹത്തിനു ശേഷം ഖിലാഫത്ത് സ്ഥാപിതമാകുമെന്ന തത്ത്വമാണത്. ഈ ഖിലാഫത്ത് ഇസ്ലാമിക അധ്യാപനത്തെ നിലനിറുത്തും.

വാൾ വീശിക്കൊണ്ട് ലോകത്ത് ഇസ്ലാം വ്യാപിപ്പിക്കാനാണെങ്കിൽ അംഗീകരിക്കാത്തവരെ കൊന്നു തള്ളിക്കൊണ്ടിരുന്നാൽ ക്രിസ്ത്യാനികളേയും വധിച്ചാൽ രക്തം ചിന്തുന്ന വരാനിരിക്കുന്ന മഹ്ദിയും വാഗ്ദത്ത മസീഹും വാളുകളുമായി നിലയുറപ്പിച്ചാൽ വാഗ്ദത്ത് മസീഹ് പന്നികളേയും കൊന്നു കൊണ്ട് നിലയുറപ്പിച്ചാൽ, ഇവരിരുവരും ചേർന്ന് ലോകത്തെയാകമാനം നശിപ്പിച്ചാൽ ആരാണ് ബാക്കിയാകുക? ഞാൻ ചുരുക്കി വിവരിച്ചത് ഒരു ദീർഘമായ ഹദീഥാണ്.

തന്റെ മഹ്ദിക്കുശേഷം സ്ഥാപിതമാകുന്നതാണ് യഥാർഥ ഖിലാഫത്തെന്ന നബി(സ)തിരുമേനിയുടെ തിരുമൊഴിയാണ് യഥാർഥ അടിസ്ഥാനം. ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) **ഖാത്തമുൽ ഖുലഫാഅ്** എന്നും, തന്നെ കുറിച്ച് പരിചയപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് നുബുവ്വത്തിനെ കൂടാതെ ഖിലാഫത്ത് ഉണ്ടാവുക സാധ്യമേയല്ല. സച്ചരിതരായ ഖലീഫമാർ നാലായിരുന്നു. അപ്പോൾ ഈ ബാഗ്ദാദി സാഹിബ് അഞ്ചാം ഖലീഫയാണോ? കഴിഞ്ഞുപോയ 1400 വർഷങ്ങളിൽ ഒരു ഖലീഫയും ഇല്ലേ?

അതുകൊണ്ട്, അടിസ്ഥാനകാര്യം നബി(സ)തിരുമേനി വ്യക്തമാക്കി. ഏകാധിപത്യ ഭരണകൂടത്തിനുശേഷം വാഗ്ദത്ത മസീഹ് വരേണ്ടതാണ്. തുടർന്ന് അദ്ദേഹം മുഖേന ഖിലാഫത്തും സ്ഥാപിതമാകേണ്ടതാണ്. നുബുവ്വത്തിനെ അടിസ്ഥാനപ്പെടുത്തി അതേ വഴിയിൽ അത് സ്ഥാപിതമാകും. ഖിലാഫത്തെ റാശിദ ചലിച്ച അതേ അടിസ്ഥാനങ്ങളിൽ ചലിക്കണമായിരുന്നു. നമ്മൾ ഇസ്ലാമിന്റെ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നു എന്നതാണ് വ്യത്യാസം. അഹ്മദിയ്യാ ജമാഅത്തിൽ തത്ത്വാധിഷ്ഠിതവും വ്യവസ്ഥാപിതവുമായ മാർഗേണയാണ് ഖിലാഫത്ത് നിലനില്ക്കുന്നത്. ഞാൻ നിന്നപാടേ ഖലീഫയാണെന്ന് പ്രഖ്യാപിക്കുകയും നിങ്ങൾ ബയ്അത്ത് ചെയ്യുകയുമല്ല ചെയ്തത്. ഖിലാഫത്ത് കിട്ടുന്നതിൽനിന്ന് ഞാൻ രക്ഷപെട്ടെങ്കിൽ നല്ല കാര്യമായിരുന്നു എന്നാണ് എന്റെ വികാരം. ഞാൻ നിർബന്ധിച്ച് ഇതിലേക്ക് വലിച്ചിടപ്പെടുകയായിരുന്നു. ഭൗതിക ഖിലാഫത്തുകാരൻ അടിച്ചേൽപ്പിക്കുന്നു. എന്നാൽ, യഥാർഥ ഖിലാഫത്തുകാരന് നിർബന്ധിച്ച് നല്കപ്പെടുന്നു. ഉന്നതനായ അല്ലാഹുവിന്റെ ഭാഗത്തുനിന്ന് നല്കപ്പെടുന്നു. ജനങ്ങളുടെ ഹൃദയങ്ങളെ പ്രേരിപ്പിച്ചുകൊണ്ട് നല്കപ്പെടുന്നു.

പത്ര പ്രവർത്തകൻ: ലോകത്ത് ഇത്രയധികം സംഘടനകളുണ്ട്. തങ്ങൾ യഥാർഥ മുസ്ലിമീങ്ങളാണെന്ന് ഓരോ വിഭാഗവും പറയുന്നു. അമുസ്ലിമീങ്ങൾക്കുവേണ്ടി യഥാർഥ മുസ്ലിമീങ്ങളെ തിരിച്ചറിയാനുള്ള എന്തെങ്കിലും നിർദ്ദേശം വെക്കാൻ താങ്കളുടെയടുക്കലുണ്ടോ?

**ഹുദൂർ അൻവർ**: എല്ലാവർക്കും നിസ്സംശയം മുസ്ലിമാണെന്ന് പറയാവുന്നതാണ്. ***ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദു റസൂലുല്ലാഹ്*** എന്നുച്ചരിക്കുന്ന വ്യക്തി മുസ്ലിമാണെന്ന് മുമ്പേതന്നെ ഞാൻ പറഞ്ഞു.

യഥാർഥ മുസ്ലിമാരെന്നതും അല്ലെന്നതും അറിയേണ്ടത് ശേഷിക്കുന്നു. അതിനുവേണ്ടി നമ്മൾ വീണ്ടും ഇസ്ലാമിന്റെ അധ്യാപനം നൽകാൻ നിയോഗിതനായ വ്യക്തിയിലേക്കുതന്നെ പോകേണ്ടതുണ്ട്. അത് നബി(സ)തിരുമേനിയാണ്. അദ്ദേഹം പറയുന്നു: 'യഹൂദർ 72 വിഭാഗം ആയതുപോലെ ഇവിടെ ഇസ്ലാമും 73 വിഭാഗമാകും. എഴുപത്തിമൂന്നാമത്തെ വിഭാഗം ജമാഅത്തിന്റെ രൂപത്തിൽ സ്ഥാപിതമാകുന്നതായിരിക്കും.

ഈ വിഭാഗങ്ങളെങ്ങനെയായി? പ്രധാന വിഭാഗങ്ങൾ രണ്ടാണ്. സുന്നികളാണ് അല്ലെങ്കിൽ ശീആക്കളാണ്. ഇപ്പോളിതിൽ ഉപവിഭാഗങ്ങളുമുണ്ടായി. ഇപ്പോൾ സുന്നികളിൽ 34, 35 വിഭാഗമുണ്ട്. ശീആക്കളിലും അത്രയും വിഭാഗമുണ്ട്. നമ്മൾ പ്രവർത്തിക്കുന്ന യഥാർഥ കർമശാസ്ത്രം നാലാണ്. ഹനഫി, ശാഫി, മാലിക്കി, ഹമ്പലി. എന്നാൽ, കക്ഷികളാകട്ടെ 72 ഉം. ഓരോ മൗലവിയും ഓരോ വിഭാഗം ഉണ്ടാക്കിയിരിക്കുന്നു. ഇതു സംബന്ധിച്ച് കുറച്ചാഴ്ചകൾക്കു മുമ്പേ ഞാനൊരു ഖുത്വ്ബയിൽ പറഞ്ഞിരുന്നു. ഓരോ മൗലവിയും വിവരിക്കുന്ന തന്റെ മദ്ഹബ് എന്താണെന്ന് വ്യക്തമാക്കുന്ന ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ ചില ലിഖിതങ്ങളുണ്ട്. എന്റെ മദ്ഹബ് ഇന്നതാണെന്ന് സാധാരണ ആളുകൾ പറയുമ്പോൾ അതിന്റെ അർഥം താൻ ഇന്ന കാര്യത്തേയും ഇന്ന വിഭാഗത്തേയും ആദരിക്കുന്നു എന്നാണ്. എന്നാൽ, മതനേതാവ് എന്ന നിലയിൽ തന്റെ മതം ഇന്നതാണെന്ന് ആരെങ്കിലും പറഞ്ഞാൽ അതുകൊണ്ട് അർഥമിതാണ്, നിങ്ങളെന്റെ അടുക്കൽ വരിക, മറ്റു മൗലവിമാരെ ഉപേക്ഷിക്കുക. ഇതെന്റെ മസ്ജിദും എന്റെ മതവുമാണ്. അത് നിങ്ങളുടെ മസ്ജിദും നിങ്ങളുടെ മതവുമാണ്. തുടർന്ന് പരസ്പരം ചീത്ത വിളിക്കുക, മറ്റുള്ളവരുടെ പിന്നിൽ നമസ്കരിക്കാതിരിക്കുക.

ഓരോരുത്തരും മറ്റവരെ കാഫിർ(അവിശ്വാസി) എന്നു വിളിക്കുന്നു. ആരേയും കാഫിർ എന്നു വിളിക്കാൻ ഒരാൾക്കും അവകാശമില്ല. കലിമ ഉച്ചരിക്കുന്ന വ്യക്തി മുസ്ലിമാണ്. നബി(സ)തിരുമേനിയുടെ വാക്കുകൾ അംഗീകരിക്കാത്ത, അദ്ദേഹത്തിന്റെ ദീർഘദർശനം അനുസരിച്ചുവന്ന വാഗ്ദത്ത മസീഹിനെ അംഗീകരിക്കാത്ത വ്യക്തി പ്രകടമായും സത്യനിഷേധിയാണ്. ഈയടിസ്ഥാനത്തിൽ കുഫ്റിന്റെ അർഥം നിഷേധിക്കുക എന്നാണ്. ആരേയും ഏതൊന്നിനേയും നിരാകരിക്കുക.

പത്രപ്രവർത്തകൻ:അഹ്മദിയ്യാ ജമാഅത്ത് ഒരു പരിഷ്കരണ പ്രസ്ഥാനമാണെന്ന് വീക്ഷിക്കപ്പെടുന്നു. അഹ്മദിയ്യാ ജമാഅത്ത് സ്ഥാപകർ നല്കിയ പരിഷ്കരണ കാര്യങ്ങൾ എന്തൊക്കെയാണ?

**ഹുദൂർ അൻവർ**: പരിഷ്കരണ പ്രസ്ഥാനം എന്ന് വീക്ഷിക്കപ്പെടുന്നു എന്നത് നിങ്ങൾ നല്കുന്ന വ്യാഖ്യാനമാണ്. അല്ലാഹുവും ഇത് പറഞ്ഞിട്ടില്ല, നബി(സ)തിരുമേനിയും ഇത് കേവലം പരിഷ്കരണ പ്രസ്ഥാനം മാത്രമെന്ന് പറഞ്ഞിട്ടില്ല. അല്ലാഹു വിശുദ്ധ ഖുർആനിലെ ജുമുഅ എന്ന അധ്യായത്തിൽ പറയുന്നു: നബി(സ)തിരുമേനി സ്ഥാപിച്ച ദീനിൽ ഉറച്ചു നില്ക്കുന്ന പിൽക്കാലത്ത് വരുന്ന കുറച്ച് ജനതയുണ്ടാകും. നബി(സ)തിരുമേനി പറഞ്ഞു: വിശ്വാസം കാർത്തിക നക്ഷത്രത്തിലെത്തിയാലും ഇവരിൽനിന്നുള്ള ചിലർ അതിനെ മടക്കിക്കൊണ്ടുവരും. അതായത്, വാഗ്ദത്ത മസീഹിനെ അംഗീകരിക്കുന്നവർ മടക്കിക്കൊണ്ടു വരും. ഇപ്രകാരം ദീനിനെ ശരിയായ രൂപത്തിൽ അദ്ദേഹം സ്ഥാപിച്ചെങ്കിൽ തുടർന്ന് ഇതിൽ രണ്ട് അടിസ്ഥാനപരമായ പ്രവൃത്തികളാണുള്ളത്. ഹദ്റത്ത് വാഗ്ദത്ത മസീഹ് വ്യക്തമാക്കിയതു പോലെ ആ രണ്ടു പ്രവൃത്തികൾ ഇവയാണ്. ദാസന്മാരെ ദൈവവുമായി ബന്ധിപ്പിക്കുക എന്നതാണ് ഒന്നാമത്തേത്. മനുഷ്യരോടുള്ള കടമകൾ നിറവേറ്റുക എന്നതാണ് രണ്ടാമത്തേത്. മനുഷ്യൻ ദൈവത്തെ പ്രാപിക്കുമ്പോൾ ദൈവത്തിനുവേണ്ടി ഓരോ പ്രവൃത്തിയും ചെയ്യാൻ ശ്രമിക്കുമ്പോൾ തിന്മ ചെയ്യുക എന്നത് അയാൾക്ക് അസാധ്യമാണ്.

ഉന്നതനായ അല്ലാഹു പറയുന്നു: 'ദരിദ്രരെ കുറിച്ചുള്ള വിചാരം നിങ്ങൾക്കുണ്ടാകേണ്ടതാണ്. അനാഥരെ കുറിച്ചുള്ള ചിന്തയുണ്ടാകേണ്ടതാണ്. യാത്രക്കാരെ ഗൗനിക്കേണ്ടതാണ്. അയൽവാസികളെക്കുറിച്ച് ശ്രദ്ധ പുലർത്തേണ്ടതാണ്. തന്റെ സഹപാഠിയെ കുറിച്ച് വിചാരമുണ്ടാകേണ്ടതാണ്. തന്റെ മക്കളെ ശരിയായ രൂപത്തിൽ സംസ്കരിച്ചെടുക്കേണ്ടതാണ്. ഇങ്ങനെയുള്ള എണ്ണമറ്റ മാർഗദർശനങ്ങളുണ്ട്. ഈ വിചാരങ്ങൾ നിലനിറുത്തുക എന്നതാണ് സ്വന്തത്തെ പരിഷ്കരിക്കുക എന്നത്. സ്വയമേവ ദൈവത്തെ അംഗീകരിക്കുന്നതുവരെ യഥാർഥത്തിൽ ഇത് സാധ്യമല്ല. ഈ രാജ്യത്ത് വളരെയധികമാളുകൾ കളവിൽനിന്നു തങ്ങളെ സ്വയം രക്ഷപെടുത്താറുണ്ട്. അല്ലെങ്കിൽ അവർ ഭയപ്പെടുന്നുണ്ട്. അല്ലെങ്കിൽ ചില പ്രദേശങ്ങളിൽ പോകാതിരിക്കുക തുടങ്ങിയതുപോലെയുള്ള പ്രവൃത്തികൾ മനഷ്യൻ ചെയ്യുമ്പോൾ പോലീസിനേയോ നിയമത്തേയോ ഭയപ്പെടുന്നതു കൊണ്ടാണ് അപ്രകാരം ചെയ്യുന്നത്. നിങ്ങൾ ഇവിടെ തുറന്ന അനുവാദം നല്കുകയാണെങ്കിൽ, നിയമവാഴ്ച ഇല്ലാതിരിക്കുകയാണെങ്കിൽ ഓരോരുത്തരുടേയും സ്വഭാവത്തിന്റെ നിലവാരം വീഴുകയായിരിക്കും ഫലം. അല്ലാഹുവുമായി ബന്ധമുണ്ടാകുമ്പോൾ അവനുവേണ്ടി മാത്രമായിരിക്കും മനുഷ്യൻ സർവ്വതും ചെയ്യുക. അങ്ങനെ അവനോടുള്ള കടമകൾ നിർവഹിക്കുന്നവരാകും. തുടർന്ന് അവന്റെ കൽപനയനുസരിച്ച് ഇതരരോടുള്ള കടമക

ളും നിർവഹിക്കുന്നവരാകും. നമ്മുടെ മതം പൂർണവും സമ്പൂർണവുമാണെന്ന് നമ്മൾ വിശ്വസിക്കുന്നതുകൊണ്ടാണ് ഇത് പരിഷ്കരണ പ്രസ്ഥാനം ആകുന്നത്. അത് ഉന്നതനായ അല്ലാഹുവുമായും ബന്ധിപ്പിക്കുന്നു, ലോകത്ത് ജനങ്ങളോടുള്ള കടമകളും നടപ്പിലാക്കിക്കുന്നു.

നിയമവാഴ്ചയുടെ കാര്യം വന്നപ്പോളെനിക്ക് ഒരു കാര്യം ഓർമ വന്നു. ഇക്കഴിഞ്ഞ ദിവസങ്ങളിൽ പാക്കിസ്താനിൽ നിന്ന് എനിക്ക് ആരോ ഒരു പേപ്പർ കട്ടിംഗ് അയച്ചു തന്നു.

ഒരു ജാഥ പുറപ്പെടുന്ന കാര്യമാണ് അതിലുള്ളത്. അവർ കൈകളിൽ സെമി ഓട്ടോമാറ്റിക് റൈഫിളുകൾ പിടിച്ചിരിക്കുന്നു. തെരുവിൽ പ്രക്ഷോഭം നടത്താൻ പോവുകയാണിവർ. ചിത്രത്തിന്റെ അടിയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: ഇത് ഗൂംകീ പ്രദേശ

ശേഷം പേജ് 12 ൽ

പേജ് 5 ൽ നിന്ന്

ഈ വാക്കുകളാണ് പറഞ്ഞിട്ടുണ്ടായിരുന്നത് എന്നാണ്. അതുകൊണ്ട് അദ്ദേഹത്തിന്റെ കുഫ്ർ സ്ഥാപിതമാകുന്നത്രെ! അതായത് അദ്ദേഹം യാലയ്ത്തനീ കുൻതു തുറാബാ എന്ന് പറഞ്ഞിട്ടുണ്ടായിരുന്നു. ഹദ്റത്ത് അബൂബക്ർ ഈ ആയത്ത് പറഞ്ഞുകൊണ്ടേയിരുന്നു അതുകൊണ്ട് നഊദ്ബില്ലാഹ് അദ്ദേഹം കാഫിർ ആയിരിക്കുന്നുവെന്ന്! ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'വാസ്തവത്തിൽ ഈ നിവേദനം സത്യമാണെങ്കിൽ, ഈ ആയത്ത് ഹദ്റത്ത് അബൂബക്റിനെ കുറിച്ചുമാണെങ്കിൽ ഹദ്റത്ത് അബൂബക്റിന്റെ വിശ്വാസ നിലവാരം വെച്ച് അതിന്റെ അർഥം ഇപ്രകാരമായിരിക്കും: കാഫിരീങ്ങളുടെ വാക്കുകളെ എതിർക്കുന്ന ഹദ്റത്ത് അബൂബക്ർ പറയും, അല്ലാഹു എനിക്ക് എന്റെ സൽക്കർമങ്ങൾക്ക് പ്രതിഫലം നൽകുകയോ എന്റെ വീഴ്ചകൾക്ക് ശിക്ഷ നല്കാതിരിക്കുകയോ ചെയ്തിരുന്നെങ്കിൽ ഹാ! എത്ര നന്നായേനെ. അങ്ങനെ വരുമ്പോൾ ഈ വാചകം ഒരു പരിപൂർണ വിശ്വാസിയുടെ വാചകമായിത്തീരും. ഹദീഥുകളിൽ നബി(സ) തിരുമേനിയെ കുറിച്ച് വന്നിരിക്കുന്നു. നബി(സ) തിരുമേനി ഇങ്ങനെ പറയാറുണ്ടായിരുന്നു: 'ഞാൻ എന്റെ കർമങ്ങൾ കാരണം പൊറുക്കപ്പെടുന്നതല്ല. മറിച്ച് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾകൊണ്ടാണ് ഞാനും പൊറുക്കപ്പെടുന്നത്.' ഇവിടെ 'കാഫിർ' എന്ന പദം പരിഹാസ്യ രൂപത്തിലാണ് വന്നിട്ടുള്ളത്. അതായത് അദ്ദേഹത്തെ 'കാഫിർ' എന്ന് പറയുന്നു, അദ്ദേഹം യുദ്ധങ്ങളിൽ നബി(സ)തിരുമേനിയുടെ ഏറ്റവും അടുത്തുണ്ടായിരുന്നു. അദ്ദേഹം തന്റെ സമ്പത്ത് മുഴുവനും നബി(സ) തിരുമേനിയ്ക്കുവേണ്ടി ത്യജിക്കുകയുണ്ടായി. തന്റെ പതിനൊന്ന് വയസ്സുള്ള മകളെ നബി(സ) തിരുമേനിക്കു വിവാഹം ചെയ്തു കൊടുത്തു. ആ സമയത്ത് നബി(സ)തിരുമേനിയുടെ പ്രായം അൻപത്തിനാല്, അൻപത്തിയഞ്ചു വയസ്സായിരുന്നു. ഹിജ്റത്ത് വേളയിൽ നബി(സ)തിരുമേനിയുടെ കൂടെ ഉണ്ടായിരുന്നു. മക്കക്കാർ മുഴുവനും എതിർത്ത സമയത്ത് നബി(സ) തിരുമേനി അബൂബക്റിനേയും കൂട്ടിയാണ് എഴുന്നേറ്റുനിന്നിരുന്നത്. വിശുദ്ധ ഖുർആൻ പരിഹാസരൂപേണ പറയുന്നു; ഈ ത്യാഗങ്ങളെല്ലാം ചെയ്തവ്യക്തി 'കാഫിർ' ആണെങ്കിൽ മറ്റുള്ള ആളുകളുടെ അവസ്ഥ എന്തായിരിക്കും?" ഈ ആയത്ത് അബൂബക്റിനെ കുറിച്ചുമാണെന്നും മനസ്സിലാക്കുകയാണെങ്കിൽ ഇവിടെ പരിഹാസരൂപേണയാണ് ഈ പദം ഉപയോഗിച്ചിട്ടുള്ളത്. ഈ ത്യാഗങ്ങളെല്ലാം ചെയ്തയാൾ കാഫിറും അദ്ദേഹത്തിന്റെ ഈ കർമങ്ങൾവെച്ചുനോക്കുമ്പോൾ ഒരു കർമവും ചെയ്തിട്ടില്ലാത്തവർ വിശ്വാസകളായി വീമ്പിളക്കുകയും ചെയ്യുന്നു! *(തഫ്സീറെ കബീർ, സൂറത്തുന്നബാ, ആയത്ത് 42, പേജ് 798 അടിക്കുറിപ്പ്)*

ഹദ്റത്ത് അബൂബക്ർ(റ)ന്റെ വഫാത്ത് സമീപസ്ഥമായപ്പോൾ ഹദ്റത്ത് ആഇശായോട് പറഞ്ഞു: 'എന്റെ പ്രിയപ്പെട്ട മകളേ! ജനങ്ങളിൽ എനിക്കേറ്റവും ഇഷ്ടവും സ്നേഹവും നിന്നോടാണെന്ന് നിനക്കറിയാം. ഞാൻ ഇന്ന ഭാഗത്തുള്ള സ്ഥലം നിനക്ക് സമ്മാനിച്ചിരുന്നു. നീ അത് ഏറ്റെടുക്കുകയും അതിൽ നിന്ന് പ്രയോജനമെടുക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അത് തീർച്ചയായും നിന്റെ ഉടമസ്ഥതയിലു ള്ളതുതന്നെയാണ്. പക്ഷേ, ഇപ്പോൾ എന്റെ എല്ലാ പിന്തുടർച്ചാവകാശികളും അതിന്റെ ഉടമസ്ഥരാണ്. നീ അതെനിക്ക് തിരിച്ചു തരണമെന്ന് ഞാനാഗ്രഹിക്കുന്നു. ആ ഉപഹാരം തിരിച്ച് തരിക. കാരണം നീ അത് ഏറ്റെടുത്തിട്ടില്ല. എന്റെ ജീവിതത്തിൽ ഞാൻ തന്നെയാണ് അത് ഉപയോഗിച്ചുവന്നത്. എന്റെ എല്ലാ മക്കൾക്കും അല്ലാഹുവിന്റെ ഗ്രന്ഥമനുസരിച്ച് അത് വിതരണം ചെയ്യണമെന്ന് ഞാനാഗ്രഹിക്കുന്നു. എന്റെ മക്കളിലാർക്കും ആരുടെയുംമേൽ മേന്മ കൽപിച്ചിട്ടില്ലാത്ത അവസ്ഥയിൽ എന്റെ റബ്ബിനെ കണ്ടുമുട്ടാൻ ഞാനാഗ്രഹിക്കുന്നു.' അപ്പോൾ ഹദ്റത്ത് ആഇശാ(റ)പറഞ്ഞു: 'അങ്ങയുടെ കൽപന അക്ഷരംപ്രതി ഞാൻ പ്രവർത്തിക്കുന്നതാണ്.' *(അത്ത്വബഖാത്തുൽഖുർആൻ വാള്യം 3, പേജ് 145-146, ദിക്റു വസിയ്യത്തു അബീ ബക്രിൻ, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(താരീഖുൽഖുലഫാ, അല്ലാമ സുയൂതി(മുത്തർറജിം)പേജ് 89, പ്രസാധനം നഫീസ് അക്കാഡമി കറാച്ചി)*

ഇനി ഞാൻ പറയാൻ പോകുന്ന സംഭവം നേരത്തെയും വിവരിച്ചിട്ടുള്ളതാണ്. പക്ഷേ, അദ്ദേഹത്തിന്റ നന്മകളെ കുറിച്ചായതുകൊണ്ട് വീണ്ടും ഞാൻ അനുസ്മരിക്കുകയാണ്. അല്ലാഹു അദ്ദേഹത്തിന് ഖിലാഫത്തിന്റെ പുതപ്പ് അണിയിച്ചപ്പോഴുള്ള സംഭവമാണ്. ഹദ്റത്ത് അബൂബക്ർ(റ) തുണിക്കച്ചവടം ചെയ്യുന്ന ആളായിരുന്നു. ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടതിന്റെ അടുത്ത ദിവസം പതിവുപോലെ തന്റെ ചുമലിൽ വസ്ത്രങ്ങളേറ്റി ചന്തയിലേക്ക് പുറപ്പെട്ടു.

വഴിയിൽ ഹദ്റത്ത് ഉമറും ഹദ്റത്ത് അബൂ ഉബയ്ദയും അദ്ദേഹത്തെ കണ്ടുമുട്ടി. അവർ പറഞ്ഞു: 'അല്ലയോ ഖലീഫത്തുർറസൂൽ! താങ്കൾ എവിടേക്കാണ് പോകുന്നത്? ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: 'ചന്തയിലേക്ക്.' അവർ പറഞ്ഞു: 'താങ്കൾ മുസ്‌ലിമീങ്ങളുടെ ഭരണാധികാരിയാണ്. വരിക, ഞങ്ങൾ അങ്ങയ്ക്ക് ഒരു സ്റ്റൈഫന്റ്(വേതനം) നിശ്ചയിച്ച് തരുന്നതായിരിക്കും. അങ്ങ് ഞങ്ങളോടൊപ്പം വരിക. ഞങ്ങൾ അങ്ങയ്ക്കൊരു വേതനം നിശ്ചയിക്കുന്നതാണ്. ഇനി കച്ചവടം ചെയ്യേണ്ട ഒരു കാര്യവുമില്ല.'*(സയ്റുസ്സഹാബ, വാള്യം 1, പേജ് 77)*

അല്ലാമ ഇബ്നു സഅ്ദ്, ഈ വേതനത്തിന്റെ വിശദീകരണത്തിൽ പറയുന്നു: അദ്ദേഹത്തിന് രണ്ടു പുതപ്പുകൾ കിട്ടിയിരുന്നു. അത് പഴകുമ്പോൾ അത് തിരിച്ചുകൊടുത്ത് പുതിയത് വാങ്ങുമായിരുന്നു. യാത്രാ വേളയിൽ സവാരി ഉണ്ടായിരുന്നു. ഖിലാഫത്തിനു മുമ്പയുണ്ടായിരുന്ന അതേ രീതിയിൽത്തന്നെ യാണ് തനിക്കും തന്റെ കുടുംബത്തിനുംവേണ്ടി ചെലവ് ചെയ്തിരുന്നത്.*(സയ്റുസ്സഹാബ, വാള്യം 1, പേജ് 82)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ഹദ്റത്ത് അബൂബക്ർ(റ) മുഴവൻ ഇസ്‌ലാമിക രാജ്യത്തിന്റേയും രാജാവായിരുന്നു. പക്ഷേ, അദ്ദേഹത്തിന് എന്താണ് കിട്ടിയിരുന്നത്? അദ്ദേഹം പൊതു ഖജനാവിന്റെ സംരക്ഷകനായിരുന്നു. പക്ഷേ, അതിൽനിന്ന് ഒരു പൈസയും എടുത്തിട്ടുണ്ടായിരുന്നില്ല. ഹദ്റത്ത് അബൂബക്ർ(റ) തീർച്ചയായും വലിയ കച്ചവടക്കാരനായിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ ഏറ്റവും വലിയ സ്വഭാവം, പണം വന്നുടനെ അത് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുക എന്നതായിരുന്നു. നബി(സ)തിരുമേനി വഫാത്താകുകയും അദ്ദേഹം ഖലീഫയാകുകയും ചെയ്തപ്പോൾ അദ്ദേഹത്തിന്റെ കൈയിൽ രൊക്കം പണമൊന്നുമുണ്ടായിരുന്നില്ല. എന്നല്ല ഖലീഫയായതിന്റെ അടുത്ത ദിവസംതന്നെ അദ്ദേഹം തുണിയുടെകെട്ടുമേറ്റി കച്ചവടത്തിന് പുറപ്പെട്ടു. ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തെ വഴിയിൽ വെച്ച് കണ്ടുമുട്ടിയപ്പോൾ ചോദിച്ചു: 'എന്ത് ചെയ്യാൻ പോകുകയാണ്?' അദ്ദേഹം പറഞ്ഞു: 'എനിക്കും എന്തെങ്കിലുമൊക്കെ ഭക്ഷിക്കേണ്ടേ? ഞാൻ തുണിക്കച്ചവടം ചെയ്തില്ലെങ്കിൽ ഞാനെങ്ങനെയാണ് ഭക്ഷിക്കുക?' ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'അത് സാധ്യമല്ല. അങ്ങ് തുണിക്കച്ചവടം ചെയ്തുകൊണ്ടിരുന്നാൽ ഖിലാഫത്തിന്റെ ജോലികൾ ആരാണ് നോക്കുക?' ഹദ്റത്ത് അബൂബക്ർ(റ) അതിന് മറുപടിയായി പറഞ്ഞു: 'ഞാൻ ഈ ജോലി ചെയ്യുന്നില്ലെങ്കിൽ പിന്നെ എങ്ങനെയാണ് ജീവിതം കഴിച്ചുകൂട്ടുക?' ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'അങ്ങ് ബയ്ത്തുൽ മാലിൽ നിന്ന് വളീഫ (സ്റ്റൈപ്പന്റ്) എടുക്കണം.'

ഹദ്റത്ത് അബൂബക്ർ(റ) മറുപടിയായി പറഞ്ഞു: 'അതെനിക്ക് സഹിക്കാൻ പറ്റുകയില്ല. ബയ്ത്തുൽ മാലിനുമേൽ എനിക്കെന്ത് അവകാശമാണുള്ളത്?' ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'ദീനീ സേവനം ചെയ്യുന്നവർക്ക് ബയ്ത്തുൽ മാലിൽ നിന്ന് തുക ഉപയോഗിക്കാൻ വിശുദ്ധ ഖുർആൻ അനുമതി തന്നിരിക്കെ അങ്ങയ്ക്ക് എന്തുകൊണ്ട് എടുത്തുകൂടാ?'

അങ്ങനെ അതിനുശേഷം ബയ്ത്തുൽ മാലിൽനിന്ന് അദ്ദേഹത്തിന് വേതനം നിശ്ചയിച്ചു. എന്നാൽ, അക്കാലഘട്ടത്തിലെ അവസ്ഥയനുസരിച്ച് ആ വേതനംകൊണ്ട് ഭക്ഷണത്തിന്റേയും വസ്ത്രത്തിന്റേയും ആവശ്യങ്ങൾ മാത്രമാണ് പൂർത്തീകരിക്കപ്പെട്ടിരുന്നത്. *(തഫ്സീറെ കബീർ വാള്യം 8, പേജ് 468)*

ഇബ്നു അബീ മുലയ്ക്ക വിവരിക്കുന്നു: ഹദ്റത്ത് അബൂബക്ർ(റ)ന്റെ കൈയിൽനിന്ന് ഒട്ടകത്തിന്റെ കടിഞ്ഞാൺ താഴെ വീണാൽ അദ്ദേഹം തന്റെ ഒട്ടകത്തെ ഇരുത്തുകയും പിന്നെ ആ കടിഞ്ഞാൺ എടുക്കുകയും ചെയ്തിരുന്നു. അങ്ങ് എന്തുകൊണ്ട് അതെടുത്തുതരാൻ ഞങ്ങളോട് പറയുന്നില്ല എന്ന് ചോദിച്ചപ്പോൾ, ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു:

‘എന്റെ പ്രിയപ്പെട്ട സ്നേഹിതൻ(സ)എന്നോടു കൽപിച്ചത്, ഞാൻ ആരോടും ഒന്നും ചോദിക്കരുതെന്നാണ്.’*(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 1, പേജ് 92, മുസ്നദ് അബീബക്ർ അസ്സിദ്ദീഖ് ഹദീഥ് 65, ആലമുൽ കുതുബ് ബെയ്റിത്ത് 1998)* അദ്ദേഹം അത്രമാത്രം സൂക്ഷ്മത പാലിച്ചിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: ‘നബി(സ)തിരുമേനി ഒരിക്കൽ മസ്ജിദിൽ, ജനങ്ങൾ അബൂബക്റിന് തങ്ങളെക്കാളും എന്ത് മേന്മയാണുള്ളതെന്ന് പറഞ്ഞുകൊണ്ട് സംസാരിക്കുന്നത് കേൾക്കാനിടയായി. അതായത് അദ്ദേഹം നന്മ ചെയ്യുന്നതുപോലെ തങ്ങളും നന്മ ചെയ്യുന്നുവെന്ന്! നബി(സ)തിരുമേനി അതുകേട്ടപ്പോൾ പറഞ്ഞു:‘ഹദ്റത്ത് അബൂബക്ർ(റ)ന്റെ മേന്മ നമസ്കാരവും നോമ്പും കാരണം മാത്രമല്ല. പ്രത്യുത അദ്ദേഹത്തിന്റെ ഹൃദയത്തിലുള്ള നന്മ കാരണവുമാണ്.’*(ഖുത്ബാത്തെ മഹ്മൂദ് വാല്യം 19, പേജ് 765)*

അതായത് അദ്ദേഹത്തിന്റെ ഹൃദയത്തിലുള്ള നന്മയും തിരുമേനിയോടുള്ള വിശ്വാസവും അല്ലാഹുവിനോടുള്ള ഭയവും അതിന്റെ നിലവാരവും കാരണമാണ് അദ്ദേഹത്തിന് നിങ്ങളെക്കാൾ മേന്മയുള്ളത്. മാത്രമല്ല അതനുസരിച്ച് അദ്ദേഹം കർമങ്ങളും ചെയ്യുന്നു. അതായത് മനസ്സിൽ മാത്രമല്ല ഉള്ളതെന്ന്!’

ഹദ്റത്ത് മസീഹ് മൗഊദ്(അ) വിശുദ്ധ ഖുർആനിലെ ഒരു ആയത്ത് വിവരിച്ചുകൊണ്ട് ഹദ്റത്ത് അബൂബക്ർ(റ)ന്റെ സ്ഥാനമാഹാത്മ്യങ്ങൾ ഇങ്ങനെ വിവരിക്കുന്നു: “അല്ലാഹു ഇവിടെ പറയുന്നു, ‘നീ ഇബാദത്ത് ചെയ്തുകൊണ്ടിരിക്കുക, എത്രത്തോളമെന്നാൽ നിനക്ക് ദൃഢഗാഢമായ ജ്ഞാനത്തിന്റെ സ്ഥാനം ലഭ്യമാകുന്നതുവരെയും! എല്ലാ ആവരണങ്ങളും ഇരുട്ടിന്റെ മറകളും നീങ്ങിപ്പോകുകയും താൻ നേരത്തെ ഉള്ളവനല്ല എന്ന് ബോധ്യപ്പെടുകയും ചെയ്യും. മറിച്ച് ഇപ്പോൾ പുതിയ ഭൂമിയും പുതിയ ആകാശവുമാണെന്നും താൻ പുതിയ സൃഷ്ടിയാണെന്നും ബോധ്യമാകും. ഈ പുനർജന്മത്തിനു തന്നെയാണ് സൂഫികൾ **ബഖാ** എന്ന പേര് പറയുന്നത്. മനുഷ്യൻ ഈ തലത്തിലെത്തിച്ചേരുമ്പോൾ അല്ലാഹുവിന്റെ ആത്മാവ് അവനിൽ ഊതപ്പെടുന്നു. മലക്കുകൾ അവർക്കുമേൽ ഇറങ്ങുന്നു. നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്ർ(റ)നെ കുറിച്ച് ഈ ഒരു തത്ത്വരഹസ്യമാണ് പറഞ്ഞുതന്നത്. അതായത് ആരെങ്കിലും ഭൂമിയിലൂടെ മൃതദേഹം നടക്കുന്നതായി കാണാനാഗ്രഹിക്കുന്നെങ്കിൽ അവർ അബൂബക്റിനെ കണ്ടുകൊള്ളട്ടെ! അബൂബക്റിന്റെ പദവി അദ്ദേഹത്തിന്റെ ഭൗതിക കർമങ്ങൾ കൊണ്ടു മാത്രമുള്ളതായിരുന്നില്ല. മറിച്ച് അത് അദ്ദേഹത്തിന്റെ ഹൃദയത്തിലാണുണ്ടായിരുന്നത്.*(മൽഫൂളാത്ത് വാല്യം 2, പേജ് 98)*

ഹദ്റത്ത് അബൂ സയീദ് ഖുദ്രി(റ) വിവരിക്കുന്നു: ‘ഒരിക്കൽ അവർ നബി(സ)തിരുമേനിയുടെ കൂടെ ഏതോ യാത്രക്ക് പുറപ്പെട്ടതായിരുന്നു. അങ്ങനെ ഒരു ഭാഗത്ത് തമ്പടിച്ചപ്പോൾ അവർ വ്യത്യസ്ത ഗ്രൂപ്പുകളായി പിരിഞ്ഞു. ചിലർ ചിലരുടെ കൂടെ, ചിലർ ചിലരുടെ കൂടെ.’ ഹദ്റത്ത് അബൂ സയീദ് ഖുദ്രി(റ) പറയുന്നു: ‘ഞാൻ ഹദ്റത്ത് അബൂബക്ർ(റ)ന്റെ കൂടെയാണ് തമ്പടിച്ചത്. ഞങ്ങളോടൊപ്പം ഗ്രാമീണവാസിയായ ഒരാളുമുണ്ടായിരുന്നു. ഞങ്ങൾ ഗ്രാമീണവാസികളിൽ ആരുടെ വീട്ടിലാണോ താമസിച്ചത് അയാളുടെ ഒരു ഭാര്യ ഗർഭിണിയായിരുന്നു. ആ ഗ്രാമവാസി അവരോടു ചോദിച്ചു: ‘നിനക്ക് ആൺകുട്ടി ഉണ്ടാകണമെന്ന് നീ ആഗ്രഹിക്കുന്നുണ്ടോ? നീ എനിക്ക് ഒരു ആടിനെ തരികയാണെങ്കിൽ നിനക്ക് ആൺകുട്ടി ജനിക്കുന്നതാണ്.’ ആ സ്ത്രീ അയാൾക്ക് ആടിനെ കൊടുത്തു. ആ ഗ്രാമീണവാസിയായ ആൾ ഒരേ പ്രാസത്തിലുള്ള പല വാക്കുകളും അവർക്ക് മുന്നിൽ ചൊല്ലി. അതായത് എന്തോ മന്ത്രങ്ങളൊക്കെ ഉരുവിടുകയായിരുന്നു. പിന്നെ അയാൾ ആടിനെ അറുത്തു. അങ്ങനെ എല്ലാവരും ഭക്ഷണത്തിന് ഇരുന്നപ്പോൾ ഒരാൾ ചോദിച്ചു: ഇത് എന്തിന്റെ ആടാണെന്നറിയുമോ? പിന്നീട് ആ സ്ത്രീയിൽനിന്ന് ആടിനെ എങ്ങനെയാണ് വാങ്ങിയതെന്ന കഥ കേൾപ്പിച്ചു. അതായത് ഞാൻ അതിൽ ദുആ ചെയ്യുകയാണെങ്കിൽ നിങ്ങൾക്ക് ആൺകുട്ടി ഉണ്ടാകുന്നതാണെന്ന്!

നിവേദകൻ പറയുന്നു; ഞാൻ ഹദ്റത്ത് അബൂബക്റിനെയും കണ്ടിരുന്നു. അദ്ദേഹവും അവിടെ ഭക്ഷണം കഴിക്കാനുണ്ടായിരുന്നു. അദ്ദേഹം വളരെ അസ്വസ്ഥത പ്രകടിപ്പിച്ചുകൊണ്ട് തന്റെ തൊണ്ടയിൽ വിരലുകളിട്ട് ഭക്ഷണം ഛർദിച്ചു കളഞ്ഞു. *(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 8, പേജ് 19-20, മുസ്നദ് അബീസഊദിൽ ഖുദ്രീ, ഹദീഥ് നമ്പർ 11420, ദാറുൽഹദീഥ് അൽഖാഹിറ 2012)*

അതായത് ശിർക്കിന് നിമിത്തമാകുന്ന ഭക്ഷണം തനിക്ക് കഴിക്കാൻ സാധ്യമല്ലെന്ന് വ്യക്തമാക്കുകയായിരുന്നു അദ്ദേഹം.

ഹദ്റത്ത് ആഇശാ(റ)പറയുന്നു: ഹദ്റത്ത് അബൂബക്ർ(റ)ന് ഒരു അടിമ ഉണ്ടായിരുന്നു. അയാൾ സമ്പാദിച്ചുകൊണ്ടുവന്നു കൊടുത്തിരുന്നു. ഹദ്റത്ത് അബൂബക്ർ(റ) ആ സമ്പാദ്യത്തിൽ നിന്ന് ഭക്ഷണം കഴിച്ചിരുന്നു. ഒരു ദിവസം അയാൾ എന്തോ ഒരു സാധനം കൊണ്ടുവന്നു. ഹദ്റത്ത് അബൂബക്ർ(റ) അത് തിന്നുകയും ചെയ്തു. ആ അടിമ ചോദിച്ചു: ഇത് എന്താണെന്ന് താങ്കൾക്ക് അറിയുമോ? ഹദ്റത്ത് അബൂബക്ർ(റ)ചോദിച്ചു: അതെന്താണ്? അയാൾ പറഞ്ഞു: ഞാൻ ജാഹിലിയ്യാ കാലഘട്ടത്തിൽ ഒരാൾക്ക് വേണ്ടി ജ്യോത്സ്യന്റെ പണി ചെയ്തിരുന്നു. എനിക്ക് ജ്യോതിഷം നല്ലപോലെ അറിയുമായിരുന്നില്ല. ഞാൻ അയാളെ പറ്റിക്കുകയായിരുന്നു. അയാൾ എന്നെ കണ്ടപ്പോൾ അതിന് പ്രതിഫലമായി എനിക്ക് തന്നതാണിത്. അതാണ് ഇപ്പോൾ താങ്കൾ കഴിച്ചത്. ഇടയ്ക്കിടെ എന്തെങ്കിലും സമ്മാനങ്ങളും ഭക്ഷണവും കൊടുത്തിരുന്നു. അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) തന്റെ വിരലുകൾ വായിലിട്ട് അതു മുഴുവൻ ഛർദിച്ച് കളഞ്ഞു.*(സ്വഹീഹ് ബുഖാരി, കിതാബു മനാഖിബുൽ അൻസ്വാർ, ബാബു അയ്യാമുൽജാഹിലിയ്യ ഹദീഥ് 3842)*

അദ്ദേഹം പറഞ്ഞു: ഇത്തരം നിഷിദ്ധമായ ഭക്ഷണം എനിക്ക് കഴിക്കാൻ കഴിയില്ല

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമറിൽ നിന്ന് നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: ‘അഹങ്കരിച്ചുകൊണ്ട് വല്ലവനും വസ്ത്രം വലിച്ചിഴച്ചു നടന്നാൽ പരലോകദിനം അല്ലാഹു അവന്റെ നേർക്ക് നോക്കുകയില്ല. ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: ഞാൻ പ്രത്യേകം സൂക്ഷിച്ചില്ലെങ്കിൽ എന്റെ മുണ്ടിന്റെ ഒരു തല താഴ്ന്നേ കിടക്കുകയുള്ളൂ. നബി(സ)തിരുമേനി പറഞ്ഞു: താങ്കളത് അഹങ്കരിച്ച് ചെയ്യുന്നതല്ലല്ലോ?’*(സ്വഹീഹ് ബുഖാരി, കിതാബു ഫളാഇലു അസ്ഹാബുന്നബിയ്യി(സ) ഹദീഥ് 3665)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ‘ഒരിക്കൽ നബി(സ) തിരുമേനി പറഞ്ഞു, ‘ആരുടെ വസ്ത്രമാണോ താഴേ ഇഴഞ്ഞു കിടക്കുന്നത് അവൻ നരകത്തിൽ പോകുന്നതാണ്. ഹദ്റത്ത് അബൂബക്ർ(റ) ഇതുകേട്ടപ്പോൾ കരഞ്ഞു തുടങ്ങി. കാരണം അദ്ദേഹത്തിന്റെ വസ്ത്രം എപ്പോഴും നിലത്തിഴയുമായിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: താങ്കൾ അവരിൽ പെട്ടവനല്ല. ചുരുക്കത്തിൽ നിയ്യത്തിന് വളരെവലിയ പ്രാധാന്യമുണ്ട്. പ്രോട്ടോക്കാൾ വളരെ അത്യാവശ്യമുള്ള കാര്യമാണ്.’*(മൽഫൂദാത്ത് വാല്യം 7, പേജ് 25)*

നബി(സ)തിരുമേനിയോടുള്ള പൂർണമായ അനുസരണത്തേയും തിരുമേനിയോടുള്ള അനുരക്തിയേയും ആത്മാഭിമാനത്തെയും കുറിച്ചുള്ള പരാമർശങ്ങൾ.

ഒരു ദിവസം ഹദ്റത്ത് ആഇശാ(റ), വീട്ടിൽ വെച്ച് നബി(സ)തിരുമേനിയോട് കുറച്ച് നീരസത്തോടു കൂടി സംസാരിക്കുകയായിരുന്നു. അപ്പോൾ അവിടെ അവരുടെ പിതാവ് അതായത് ഹദ്റത്ത് അബൂബക്ർ(റ) വന്നു. ഈ അവസ്ഥ കണ്ടപ്പോൾ അദ്ദേഹത്തിന് സഹിച്ചില്ല. അദ്ദേഹം തന്റെ മകളെ അടിക്കാൻ മുന്നോട്ടുനീങ്ങി. നീ അല്ലാഹുവിന്റെ റസൂലിനോട് ഇങ്ങനെ സംസാരിക്കുകയാണോ? എന്നു ചോദിച്ചു. നബി(സ)തിരുമേനി ഇതു കണ്ടപ്പോൾ പിതാവിനും മകൾക്കുമിടയിൽ കയറി ഹദ്റത്ത് അബൂബക്ർ(റ) നൽകാൻ ഉദ്ദേശിച്ച ശിക്ഷയിൽനിന്ന് ഹദ്റത്ത് ആഇശായെ രക്ഷിച്ചു. ഹദ്റത്ത് അബൂബക്ർ പോയതിനുശേഷം നബി(സ)തിരുമേനി, ഹദ്റത്ത് ആഇശയോട് തമാശാ രൂപത്തിൽ പറഞ്ഞു: ‘ഇന്ന് നിന്റെ പിതാവിൽനിന്ന് നിന്നെ എങ്ങനെയാണ് ഞാൻ രക്ഷിച്ചതെന്ന് നീ കണ്ടില്ലേ? കുറച്ച് ദിവസത്തിനുശേഷം ഹദ്റത്ത് അബൂബക്ർ(റ) വീണ്ടും വന്നപ്പോൾ നബി(സ)തിരുമേനിയുടെ അടുത്ത് ഹദ്റത്ത് ആഇശാ ചിരിച്ചും സന്തോഷിച്ചും സംസാരിക്കുന്നത് കണ്ടു. ഹദ്റത്ത് അബൂബക്ർ പറഞ്ഞു: ‘നിങ്ങൾ നിങ്ങളുടെ വഴക്കിൽ എന്നെ പങ്കാളിയാക്കി. ഇനി സന്തോഷത്തിലും എന്നെക്കൂടി പങ്കെടുപ്പിക്കുക.’ അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: ‘ഞങ്ങൾ താങ്കളെയും ഉൾപ്പെടുത്തിയിരിക്കുന്നു.’ *(സുനൻ അബീദാവൂദ്, കിതാബുൽഅദബ്, ബാബു മാ ജാഅ ഫിൽമ സാഹീ, ഹദീഥ് 4999)*

ഹദ്റത്ത് ഉഖ്ബ ബിൻ ഹാരിഥ് വിവരിക്കുന്നു: ഞാൻ ഹദ്റത്ത് അബൂബക്ർ(റ), ഹദ്റത്ത് ഹസ്സനെ എടുത്തിരിക്കുന്നത് കണ്ടു. അദ്ദേഹം ഇങ്ങനെ പറയുന്നുണ്ടായിരുന്നു. ‘എന്റെ പിതാവ് നിനക്കുമേൽ തെണ്ടമായിരിക്കട്ടെ. ഇവൻ നബി(സ) തിരുമേനിയുടെ രൂപഭാവത്തോടുകൂടിയവനാകുന്നു. അലിയുടെ രൂപഭാവം അല്ല ഉള്ളത്.’ അത് കേട്ടപ്പോൾ ഹദ്റത്ത് അലി ചിരിക്കുന്നുണ്ടായിരുന്നു. *(ബുഖാരി കിതാബുൽഫളാഇൽ അസ്ഹാബുന്നബിയ്യി(സ), ബാബു മനാഖിബുൽഹസൻ വ അൽഹുസയ്ൻ(റ)ഹദീഥ് 3750)*

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ) വിവരിക്കുന്നു: ഹദ്റത്ത് ഉമർ ബിൻ ഖത്വാബ്(റ)ന്റെ മകൾ ഹദ്റത്ത് ഹഫ്സ്വ(റ), ഹദ്റത്ത് ഖുനയ്സ് ബിൻ ഖുസാഫ സഹ്മി

വഫാത്തായപ്പോൾ വിധവയായി. അദ്ദേഹം നബി(സ)തിരുമേനിയുടെ സ്വഹാബിയും ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത ആളുമായിരുന്നു. മദീനയിലാണ് വഫാത്തായത്. അപ്പോൾ ഹദ്റത്ത് ഉമർ(റ) പറയുന്നു: ഞാൻ ഹദ്റത്ത് ഉഥ്മാനെ കാണുകയും അദ്ദേഹത്തോട് ഹഫ്സ്വയെ കുറിച്ച് പരാമർശിക്കുകയും താങ്കൾ താൽപര്യപ്പെടുകയാണെങ്കിൽ ഹഫ്സ്വയെ വിവാഹം ചെയ്ത് തരാമെന്ന് പറയുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: 'ഞാൻ ഈ കാര്യത്തിൽ ആലോചിക്കട്ടെ.' അങ്ങനെ കുറെ ദിവസം അദ്ദേഹം കാത്തിരുന്നു. പിന്നെ ഉഥ്മാൻ(റ) പറഞ്ഞു: 'ഈ ദിവസങ്ങളിൽ വിവാഹം കഴിക്കാതിരിക്കുകയാണ് ഉചിതമെന്ന് ഞാൻ മനസ്സിലാക്കുന്നു.' പിന്നെ ഞാൻ ഹദ്റത്ത് അബൂബക്റിനെ കണ്ടു പറഞ്ഞു: 'താങ്കൾ ആഗ്രഹിക്കുകയാണെങ്കിൽ താങ്കളുമായി ഞാൻ ഹഫ്സ്വയുടെ നിക്കാഹ് നടത്തി തരാം.' ഹദ്റത്ത് അബൂബക്ർ നിശബ്ദനായി, മറുപടി ഒന്നും പറഞ്ഞില്ല. ഉഥ്മാനെ കുറിച്ച് ഹദ്റത്ത് ഉമർ(റ) പറയുന്നു: 'ഉഥ്മാനെ സംബന്ധിച്ചിടത്തോളം ഞാൻ കൂടുതൽ അസ്വസ്ഥനായിരുന്നു.' പിന്നെ ഞാൻ കുറച്ച് രാത്രികൾ കാത്തിരിക്കുകയും ചെയ്തു. അതിനുശേഷം നബി(സ)തിരുമേനി ഹഫ്സ്വയുമായി നിക്കാഹ് ചെയ്യുന്നതിനുള്ള സന്ദേശം അയച്ചു. അങ്ങനെ നബി(സ)തിരുമേനിയുമായി ആ നിക്കാഹ് ഞാൻ നടത്തിക്കൊടുത്തു. ഹദ്റത്ത് അബൂബക്ർ എന്നെ കണ്ടപ്പോൾ പറഞ്ഞു: ഒരുപക്ഷേ, താങ്കൾ എന്നോട് നീരസത്തിൽ ആയിരിക്കും. താങ്കൾ എന്നോട് ഹഫ്സ്വയെ കുറിച്ച് പറയുകയും ഞാൻ മറുപടിയൊന്നും പറയാതിരിക്കുകയും ചെയ്തു. ഹദ്റത്ത് ഉമർ(റ) പറഞ്ഞു: അതെ! ശരിയാണ്. അപ്പോൾ അദ്ദേഹം പറഞ്ഞു: 'താങ്കളെന്നോട് പറഞ്ഞ കാര്യത്തെ സംബന്ധിച്ച് മറുപടി പറയുന്നതിൽനിന്ന് എന്നെ വിലക്കിയത് നബി(സ)തിരുമേനി ഹഫ്സ്വയെ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നുവെന്ന് എനിക്കറിയാമായിരുന്നു എന്ന കാര്യമാണ്. നബി(സ)തിരുമേനിയുടെ ആ ആഗ്രഹം എനിക്ക് വെളിപ്പെടുത്താൻ കഴിയുമായിരുന്നില്ല. അതായത് നബി(സ)തിരുമേനി ആഗ്രഹിക്കുന്നുവെന്ന് എനിക്ക് പറയാൻ കഴിയുമായിരുന്നില്ല. അതു കൊണ്ടാണ് ഞാൻ നിശ്ശബ്ദനായതും നിഷേധിച്ചതും. നബി(സ)തിരുമേനി ഈ ആലോചന ഉപേക്ഷിച്ചിരുന്നുവെങ്കിൽ ഞാൻ തീർച്ചയായും താങ്കളുടെ മകളെ സ്വീകരിക്കുമായിരുന്നു.*(സ്വഹീഹുൽബുഖാരി, കിതാബുൽമഗാസി, ഹദീഥ് 4005)*

ഹദ്റത്ത് അലി, ഹദ്റത്ത് അബൂബക്റിനോടുള്ള തന്റെ വിശ്വാസം പ്രകടിപ്പിച്ചതിനെ സംബന്ധിച്ച് പറയുന്നു: ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)പറയുന്നു: ഞാൻ ഒരു ജനസമൂഹത്തിൽ നിൽക്കുകയായിരുന്നു. അവർ ഹദ്റത്ത് ഉമർ ബിൻ ഖത്വാബിനുവേണ്ടി അല്ലാഹുവിനോടു പ്രാർഥിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തെ ശ്മശാനത്തിലേക്ക് കൊണ്ടുപോകാൻ കട്ടിലിൽ കിടത്തിയിരിക്കുകയാണ്. ഒരു മനുഷ്യൻ എന്റെ പിന്നിൽനിന്ന് തന്റെ കൈമുട്ട് എന്റെ ചുമലിൽവെച്ചുകൊണ്ട് പറഞ്ഞു: താങ്കളെ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. അല്ലാഹു താങ്കളെ താങ്കളുടെ രണ്ടുമിത്രങ്ങളോടൊപ്പം നിവസിപ്പിക്കുമെന്ന് ഞാനാഗ്രഹിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ നബി(സ)തിരുമേനി ധാരാളം പ്രാവശ്യം ഇങ്ങനെ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഞാനും അബൂബക്റും ഉമറുമുണ്ടായിരുന്നു. ഞാനും അബൂബക്റും ഉമറും പോയി. ഞാനും അബൂബക്റും ഉമറും പോയി. താങ്കളെ അല്ലാഹു അവർ രണ്ടുപേരുടേയും കൂടെ നിവസിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കാറുണ്ടായിരുന്നു. ഞാൻ തിരിഞ്ഞു നോക്കിയപ്പോൾ അത് ഹദ്റത്ത് അലിയായിരുന്നു.ബാക്കി ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്. *(വിവർത്തനം: എച്ച്. ശംസുദ്ദീൻ കാവശ്ശേരി ടൈപ്സെറ്റിംഗ്: പി.എം.വസീം അഹ്മദ് ചേലക്കര)*

❊ ❊ ❊ ❊ ❊

**പേജ് 1 ൽ നിന്ന്**

മുണ്ടായിരിക്കും. നബി(സ)തിരുമേനിയെ സംബന്ധിച്ച് വരുന്നു, ഖിയാമത്തുന്നാൾ ബാഹ്യത്തിൽ സ്വഹാബിമാർ എന്നുതോന്നുന്ന ചിലയാളുകളെ നരകത്തിൽ കൊണ്ടുപോകുന്നതു കാണുമ്പോൾ അവിടന്ന് ഉസ്വയ്ഹാബീ, ഉസ്വയ്ഹാബീ എന്നു പറയും;എന്റെ സ്വഹാബിമാർ എന്റെ സ്വഹാബിമാർ! *(ബുഖാരി വാള്യം 3, കിതാബുത്തഫ്സീർ ബാബ് വ കുൻതു അലയ്ഹിം ശഹീദൻ)* ഈ പ്രയാസത്തിൽനിന്ന് രക്ഷിക്കുന്നതിന് അല്ലാഹു മഹാത്മാക്കളുടെ സന്താനങ്ങളോടു നന്മയോടെ പെരുമാറുന്നു. ആ മഹാത്മാക്കളെ പ്രയാസങ്ങളിൽനിന്ന് രക്ഷപ്പെടുത്തുന്നതിന് മക്കളെ സംരക്ഷിക്കുന്നു. അൽഹഖ്നാ ബിഹിം ദുർരിയ്യത്തഹും എന്ന് അല്ലാഹു പറഞ്ഞതുപോലെ. അതായത് നാം മുഅ്മിനീങ്ങളുടെ സന്താനങ്ങളെ, അവർ മുഅ്മിനാണെങ്കിൽ സ്വർഗത്തിൽ അവരോടൊപ്പം ചേർക്കുന്നതാണ്. സന്താനങ്ങളുടെ ദർജ അഥവാ പദവി കുറവാണെങ്കിൽ പോലും! അതുകൊണ്ട് നബിമാരുടേയും സ്വാലിഹീങ്ങളുടേയും ഉമ്മത്തുകൾക്കും ജമാഅത്തുകൾക്കും നിരന്തരം വിശുദ്ധ ഖുർആനിൽ അവരിൽ പ്രത്യേക കൃപയുണ്ടാകുമെന്ന വാഗ്ദാനങ്ങളുണ്ട്; അവർക്ക് വിഷമമുണ്ടാകുന്നതുകൊണ്ട് നബിമാർക്കും സ്വാലിഹുമാർക്കും വിഷമമുണ്ടാകാതിരിക്കാൻ! കാരണം എല്ലാ ജനതകളിലും നബിമാർ വന്നുവെന്നാണ് വിശുദ്ധ ഖുർആനിൽനിന്ന് മനസ്സിലാകുന്നത്. അതുകൊണ്ട് മുഴുലോകവും ഈ കൃപയിൽ ഭാഗഭാക്കാണ്; യഹൂദികളുടെ പ്രത്യേകതയല്ല.

***ഥുമ്മ ഇന്ന റബ്ബക്ക ലില്ലദീന അമിലുസ്സൂഅ ബി ജഹാലത്തിൻ ജഹാലത്ത്*** എന്നത് ഇൽമിന്റെ വിപരീതമായിട്ടുള്ള പദമാണ്. അതിന്റെ അർഥം അറിവില്ലായ്മ എന്നാണ്. അൽ ജഹാലത്തു ളിദ്ദുൽ ഇൽമി എന്ന് നിഘണ്ടുവിലുണ്ട്. ഇപ്രകാരംതന്നെ എഴുതിയിരിക്കുന്നു, ***അൽ ജഹാലത്തു ളിദ്ദുൽ ഇൽമി വൽമഅ്രിഫത്തി*** അതായത് ജഹാലത്ത്(അജ്ഞത)ഇൽമിന്റെ(അറിവ്) വിപരീതമാണ്. ജഹാലത്തിന്റെ അർഥം അറിവില്ലായ്മ എന്നും കാര്യജ്ഞാനമില്ലായ്മ എന്നുമാണ്. ഇവിടെ അറിവില്ലായ്മ എന്ന അർഥമല്ല. കാരണം അറിവില്ലാത്തവന് ശിക്ഷ കിട്ടുകയില്ല. പ്രത്യുത മഅ്രിഫത്ത് അഥവാ കാര്യജ്ഞാനമില്ലായ്മ എന്നാണ്. അതായത് ഇൽമ്(അറിവ്)കല്പനയുടേതാണ്, പക്ഷേ, തഖ്വാ അഥവാ ദൈവഭയത്തിൽ ബലഹീനത കാരണത്താൽ ഈ വ്യക്തിക്ക് ചെയ്യേണ്ടനേരത്ത് തന്റെ ആത്മാവിനെ നിയന്ത്രണത്തിൽ വെക്കാൻ കഴിഞ്ഞില്ല. അത്തരം വ്യക്തി ശിക്ഷയ്ക്കർഹനാണ്. കാരണം അറിവിനുശേഷം തഖ്വാ കരസ്ഥമാക്കാൻ ശ്രമിക്കാതിരിക്കുക എന്നത് മനഃപൂർവമായ പാപമാണ്.

യഥാർഥത്തിൽ മഅ്രിഫത്തു(കാര്യംജ്ഞാനം) തന്നെയാണ് മനുഷ്യനെ പാപത്തിൽനിന്ന് രക്ഷിക്കുന്നത്. ആരാണോ ബാഹ്യമായ അറിവ് മതിയായതായി മനസ്സിലാക്കുന്നത് അവർ അവസാനം പാപത്തിൽ കുടുങ്ങിയിരിക്കുന്നതാണ്. അതുകൊണ്ട് മനുഷ്യന് കാര്യജ്ഞാനത്തിലും ദൈവഭയത്തിലും അഭിവൃദ്ധിപ്പെടാൻ എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണ്.

ഇതും ഓർമവെക്കേണ്ടതായുണ്ട്, ജഹാലത്ത് അഥവാ അജ്ഞത രണ്ടുതരത്തിലുണ്ട്. ഒന്ന് ശാശ്വതമായത്. അതിന്റെ ഇര കാര്യജ്ഞാനത്തിൽനിന്ന്(ഇർഫാൻ)തികച്ചും പിന്തള്ളപ്പെട്ടിരിക്കും. പാപത്തിൽനിന്നുതന്നെയാണ് അവന് എല്ലാ ആസ്വാദനവും ലഭിക്കുന്നത്. രണ്ടാമത്തേത് താൽക്കാലികമാണ്. ഇതിന്റെ ഇര ചെറിയ ആരിഫും(കാര്യജ്ഞാനമുള്ളവൻ)ആകാറുണ്ട്. കാരണം ചില നേരത്ത് അവന്റെ കാര്യജ്ഞാനത്തിന്റെ ദർജ കുറഞ്ഞുപോകാറുണ്ട്. അപ്പോൾ അവൻ ശരീരേച്ഛയുടെ വികാരങ്ങൾക്ക് ഇരയായിത്തീരുന്നു. ഹദീഥ് ശരീഫിൽ വരുന്നു, ***ലാ യസ്നിസ്സാനീ ഹീന യസ്നീ വഹുവ മുഅ്മിനുൻ ഫയഖ്റുജു മിൻഹുൽ ഈമാൻ ഫയ്സ്വീറു അലാ റഅ്സിഹീ കള്ളുല്ലത്തി*** അതായത് വ്യഭിചാരി വ്യഭിചരിച്ചുകൊണ്ടിരിക്കുമ്പോൾ ആ നേരത്ത് അവന്റെ ഖൽബിന്റെ അവസ്ഥ **മുഅ്മിനാന** (സത്യവിശ്വാസപരമായത്)ആയിരിക്കുകയില്ല. അവന്റെ ഈമാൻ(വിശ്വാസം)അവനിൽനിന്ന് പുറത്തിറങ്ങി അവന്റെ തലയിൽ കുടപോലെ ചുറ്റിപ്പറന്നുകൊണ്ടിരിക്കുന്നു.(തിർമുദി അബ്വാബുൽ ഈമാൻ)

**വ അസ്വ്ലഹൂ** നിങ്ങളുടെ തെറ്റുതിരുത്തി നിങ്ങൾ നിങ്ങളെ നന്നാക്കുക. അല്ലെങ്കിൽ മറ്റുള്ളവരെ നന്നാക്കുക. രണ്ടർഥങ്ങളും ആകാവുന്നതാണ്. ഇതിൽ, പാപത്തിനുശേഷം മനുഷ്യൻ വെറും മാനസികമായ തൗബ ചെയ്താൽ പോര, പ്രത്യുത ഏതു കാരണത്താലാണോ ആ പാപമുണ്ടായത് ഭാവിയിൽ പാപമുണ്ടാകാതിരിക്കാൻ അതും അകറ്റേണ്ടതാണെന്നാണ് പറയപ്പെട്ടിരിക്കുന്നത്. 'മറ്റുള്ളവരെ നന്നാക്കുക' എന്നതു സൂചിപ്പിക്കുന്നത് സ്വന്തം പാപത്തിന്റെ പ്രതിക്രിയ എന്ന നിലയിൽ അയാൾ മറ്റുള്ളവരെ നന്നാക്കുക എന്നതാണ്. ആരെയാണോ അയാൾ ഹിദായത്തിൽ കൊണ്ടുവന്നത് അയാളുടെ പുണ്യത്തിൽ ഭാഗഭാക്കാകുന്നതിന്. മുൻപാപങ്ങൾ കാരണത്താൽ കർമങ്ങളിലുണ്ടായിട്ടുള്ള കുറവ് നികത്തപ്പെടുന്നതിന്. *(തഫ്സീർ കബീർ, വാള്യം 4, പേജ് 267, പ്രസാധനം ഖാദിയാൻ 2010)*

## ത്വാലിബെ ദുആ

**'ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.'**

**(സന്ദേശം, ജൽസാസാലാന ഡന്മാർക്ക് 2019)**



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

## • കലാമുൽ ഇമാം •

**'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'**

**(മൽഫൂദാത്ത് വാള്യം 3, പേജ് 38)**

**ത്വാലിബെ ദുആ: K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 20 October 2022 Issue-42

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

**പേജ് 8 ൽ നിന്ന്**

ത്തെ കവർച്ചക്കാരാണ്. പോലീസ് ആക്രമണം നടത്തുന്നതിനെതിരെ പ്രക്ഷോഭത്തിലാണിവർ. ഞങ്ങൾക്ക് അത്ര വരുമാനമില്ലെങ്കിലും പോലീസ് ഞങ്ങളിൽ ഓരോരുത്തരിൽനിന്നും മാസന്തോറുമോ രണ്ടുമാസത്തിലോ ഒരു ലക്ഷം രൂപ വെച്ച് വാങ്ങുന്നു. പോലീസിലെ എസ്.പി സാഹിബ് ഇവരെ പിടിച്ച് ജയിലിൽ ഇടുന്നതിന് പകരം ഇവർ കള്ളമാണ് പറയുന്നതെന്ന് വിശദീകരിക്കുന്നു. പ്രക്ഷോഭം നടത്തുന്നവർ തങ്ങളുടെ കളവ് മറച്ചുവെക്കുന്നതിനുപകരം കവർച്ച നടത്തുന്നതായി സമ്മതിക്കുന്നു. അതുകൊണ്ട് ഇവരെ അറസ്റ്റ് ചെയ്യുന്നതിനും ജയിലിടുന്നതിനും പകരം പോലീസ് തങ്ങളെ രക്ഷപെടുത്താനാണ് ശ്രമിക്കുന്നത്. നിയമവാഴ്ചയുടെ അവസ്ഥ ഇതായിരിക്കുമ്പോൾ പരിഷ്കരണം എങ്ങനെ സാധ്യമാകാനാണ്?

നമ്മൾ പരിഷ്കരണത്തെ കുറിച്ച് പറയുമ്പോൾ അതിന് രണ്ട് അടിസ്ഥാന തത്ത്വങ്ങളുണ്ട്. ദൈവത്തെ ആരാധിക്കുകയും അവനോടുള്ള കടമകൾ നിറവേറ്റുകയും മനുഷ്യരോടുള്ള കടമകൾ നിറ റ്റുകയും ചെയ്യുമ്പോഴാണ് അത് പരിഷ്കരണമായി മാറുന്നത്. ഞാൻ മുമ്പേയും പറഞ്ഞിരുന്നു. ഇവിടെ തന്നെ ഒരിക്കൽ ഏതോ സ്ഥലത്തുനിന്നു വന്ന ഒരു പ്രൊഫസറോടും ഞാനിക്കാര്യം പറഞ്ഞിരുന്നു.'

പാക്കിസ്താനിൽനിന്നു മാവോ സേത്തുംഗിന്റെ കാലത്ത് ഒരു മന്ത്രിതല സംഘം ചൈന സന്ദർശിച്ചു. മാവോസേത്തുംഗിനോട്, നിങ്ങൾ വളരെ പുരോഗതി കൈവരിച്ചെന്നും ഇത്രയധികം മാറ്റം എങ്ങനെ ഉണ്ടാക്കിയെന്നും ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: നിങ്ങളെന്നോട് എന്തിന് ചോദിക്കുന്നു. നിങ്ങൾ നിങ്ങളുടെ നബിയുടെ ഗ്രന്ഥം വായിക്കൂ. അതിൽ എല്ലാ കാര്യങ്ങളും തുറന്നെഴുതിയിട്ടുണ്ട്. നിങ്ങളതനുസരിച്ച് പ്രവൃത്തിച്ചാൽ എല്ലാം ശരിയാകും. അതുകൊണ്ടുതന്നെ വിശുദ്ധ ഖുർആൻ പരിഷ്കരണം നടപ്പിലാക്കുന്ന ഗ്രന്ഥമാണ്. മതത്തോടൊപ്പം പരിഷ്കരണവും ചെയ്യുന്നു.

നമ്മൾ യഥാർഥ മുസ്‌ലിമീങ്ങളായിത്തീരുമ്പോൾ നമ്മുടെ പരിഷ്കരണവും നടക്കും മറ്റുള്ളവരെ പരിഷ്കരിച്ചെടുക്കാൻ നാം പ്രാപ്തരുമാകും. രണ്ടു ദിവസം മുമ്പേ ആഖനിൽ നിങ്ങളുടെ പല പാർലമെന്റംഗങ്ങളും ഇതര മിത്രങ്ങളും സംസാരിച്ചിരുന്നു. ഇതേ കാര്യങ്ങളെ ഖുർആനിന്റെ വെളിച്ചത്തിൽ ഞാൻ സൂചിപ്പിച്ചപ്പോൾ ഉന്നതമായ അധ്യാപനങ്ങളാണെന്നും എല്ലാവരും ഇതനുസരിച്ച് പ്രവൃത്തിക്കണമെന്നുമുള്ള പ്രതികരണങ്ങളാണ് എനിക്ക് ലഭിച്ചത്. അതുകൊണ്ട്, ഈ പരിഷ്കരണം തന്നെയാണ് നമ്മൾ നടപ്പിലാക്കേണ്ടത്. ഇസ്‌ലാം നടപ്പിലാക്കുന്ന പരിഷ്കരണവും ഇതു തന്നെയാണ്.

ജേർണലിസ്റ്റ്: മുസ്‌ലിമീങ്ങളിൽ അഹ്‌മദിയ്യാ ജമാഅത്ത് മാത്രമാണ് പ്രതീക്ഷിക്കപ്പെടുന്ന വ്യക്തി വന്നു എന്ന് പറയുന്നത്?

**ഹുദൂർ അൻവർ**: എല്ലാവരും വന്നു എന്ന് പറയുകയാണെങ്കിൽ നബി(സ)തിരുമേനി ഒരു വിഭാഗം രക്ഷപെടുന്ന വിഭാഗമാണെന്നും മറ്റുള്ളവരെല്ലാം നരകത്തിലാണെന്നും എങ്ങനെ പറയും? ഇത് സംഭവിക്കേണ്ടതു തന്നെയായിരുന്നു. ഈ ദീർഘദർശനം പൂർത്തീകരിക്കപ്പെടേണ്ടതുമാണ്. വരേണ്ട വ്യക്തി വന്നു എന്ന് മനസ്സിലാക്കുന്നവർ ഇസ്‌ലാമിന്റെ അടിസ്ഥാന അധ്യാപനം അനുസരിച്ച് അഹ്‌മദികളായി മാറുന്നു. ലണ്ടനിലെ എൽ.ബി.എസ് റേഡിയോയുടെ പ്രസിദ്ധനായ ഒരു ജേർണലിസ്റ്റ് എന്റെ ഇന്റർവ്യൂ എടുക്കാൻ വന്നിരുന്നു. നിങ്ങളും ഒരുപക്ഷേ, കേട്ടിരിക്കും. അദ്ദേഹത്തോടു ഞാൻ ഇതു തന്നെയാണ് പറഞ്ഞത്. ഇവിടെ നിന്നു പത്തിരുപതു പേർ ഐ എസ് ഐ എസിലേക്ക് പോകുമ്പോൾ നിങ്ങൾ അതിന് എത്ര പ്രചാരണമാണ് കൊടുക്കുന്നത്. പത്രങ്ങളിൽ പരസ്യങ്ങൾ കൊടുക്കുന്നു. ലക്ഷങ്ങൾ സ്വയമേവ പരിഷ്കരണം നടത്തിക്കൊണ്ട് ഓരോ വർഷവും സമാധാന കാംക്ഷിയായ അഹ്‌മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുന്നതിനെ നിങ്ങളുടെ പത്രങ്ങൾ സൂചിപ്പിക്കുകപോലും ചെയ്യുന്നില്ല. നിങ്ങൾ വളരെ നീതിമാന്മാരാണെന്ന് പറയുന്നെങ്കിൽ ഞങ്ങളുടെ ജൽസ വരുന്നുണ്ട്. അതിൽ ബയ്അത്തുകൾ വിളംബരപ്പെടുത്തുന്നുണ്ട്. നിങ്ങൾ നിങ്ങളുടെ റേഡിയോയിൽ വാർത്ത കൊടുക്കുക. നിങ്ങളെത്ര നീതിമാന്മാരാണെന്ന് തുടർന്ന് ഞാൻ നോക്കും.

ദീർഘദർശനം അനുസരിച്ച് ഇത് സംഭവിക്കേണ്ടതായിരുന്നു. അതുകൊണ്ടുതന്നെയാണ് ഇതിനെ തിരിച്ചറിയുന്നവർ ഇതിൽ പ്രവേശിക്കുന്നതും. നിങ്ങളുടെ മാതാപിതാക്കളും ഉപ്പാപ്പയും ഏതോ കാലത്ത് ഏതോ കാരണത്താൽ അഹ്‌മദിയ്യ ജമാഅത്തിൽ പ്രവേശിച്ചിരുന്നു. ഒറ്റ നിമിഷത്തിൽ ഇങ്ങനെ സംഭവിക്കണമെന്നു പറഞ്ഞാൽ അപ്രകാരം നടക്കുകയില്ല. ചിലപ്പോൾ പ്രചാരണം മുഖേന, ചിലപ്പോൾ അടയാളങ്ങൾ മുഖേന ജനങ്ങൾ പ്രവേശിക്കുന്നു. ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) ദീർഘദർശനം നല്കിയിരുന്നു: പ്ലേഗ് എന്ന മഹാവ്യാധി വ്യാപിക്കും. ഭൂമ്പങ്ങളുണ്ടാകും. ഇതെന്റെ കാലത്തെ അടയാളങ്ങളാണ്. തുടർന്ന് ഇതെല്ലാം വന്നപ്പോഴും അക്കാലഘട്ടത്തിൽ പൊതുജനങ്ങൾ കൂട്ടമായി ജമാഅത്തിൽ പ്രവേശിച്ചു. പ്ലേഗിനുശേഷം ദിനന്തോറും നാനൂറും അഞ്ഞൂറും പേര് ബയ്അത്ത് ചെയ്തിരുന്നു. അതുകൊണ്ട് ജനങ്ങൾ ജമാഅത്തിൽ പ്രവേശിച്ചിരുന്നു. ഇപ്പോഴും എവിടെയെല്ലാം അടയാളങ്ങൾ കാണുന്നുണ്ടോ അവിടെയെല്ലാം ചേരുന്നുണ്ട്. ആഫ്രിക്കയുടെ റിപ്പോർട്ടുകൾ വരുന്നു. ചിലപ്പോൾ ഞാൻ സൂചിപ്പിക്കാറുമുണ്ട്. ജനങ്ങൾ അടയാളം കാണുന്നു. ഗ്രാമത്തിലുള്ള സർവ വ്യക്തികളും അഹ്‌മദിയാകുന്നു. ഇരുന്നൂറു മുതൽ 400 വരെ വീടുകൾ അഹ്‌മദിയാകുന്നു. അതായത് 1200 പേർ. ചിലപ്പോൾ ചെറിയ ചെറിയ കൂട്ടങ്ങളായിരിക്കും. ചെറു ഗ്രാമമോ പട്ടണമോ ആയിരിക്കും. എല്ലാവരും അഹ്‌മദിയാകുന്നു. ജനങ്ങൾ ജമാഅത്തിൽ പ്രവേശിക്കുന്നു. ഒരൊറ്റദിവസം കൊണ്ട് ലോകം സ്വീകരിക്കില്ല. ഇസ്‌ലാമും ലോകത്ത് ഒരൊറ്റ ദിവസംകൊണ്ടല്ല വ്യാപിച്ചത്.

ജേർണലിസ്റ്റ്: വിജയിക്കുമെന്ന ദീർഘദർശനത്തെ കുറിച്ച് അങ്ങെന്താണ് മനസ്സിലാക്കുന്നത്? പ്രചാരണം മുഖേനയാണോ അല്ലെങ്കിൽ അങ്ങ് പറഞ്ഞതുപോലെ പ്രകൃതിപരമായ നാശനഷ്ടമോ യുദ്ധങ്ങളോ മുഖേനയാണോ?

**ഹുദൂർ അൻവർ**: പ്രചാരണം നടത്തുകയെന്നത് നമ്മുടെ ജോലിയാണ്. ഇതാണ് അല്ലാഹു നബി(സ) തിരുമേനിയോടു പറഞ്ഞത്. പ്രചാരണം നടത്താനുള്ള കൽപ്പന നിനക്കുമേൽ അവതരിപ്പിച്ചിരിക്കുന്നു. പ്രചാരണം നടത്തുക എന്നതാണ് പ്രശ്നം. അത് ചെയ്യണം. എന്നാൽ പ്രചാരണം നടത്തിയതിനുശേഷം മറ്റുള്ളവർ ആക്രമണ പ്രവർത്തനത്തിലേക്ക് ഇറങ്ങുന്നു. തുടർന്ന് അടയാളങ്ങൾ ഇറങ്ങുന്നു. എതിരാളികളായ ജനതകൾ ഇക്കാര്യങ്ങളിലൂടെയാണ് അംഗീകരിക്കുന്നത്. ഈയടുത്ത് പാക്കിസ്താനിൽ പ്രളയം വന്നിരുന്നു. ഭൂകമ്പങ്ങളുണ്ടായിരുന്നു. ഇത് തങ്ങളുടെമേൽ വന്ന അല്ലാഹുവിന്റെ ശിക്ഷയാണെന്നും തങ്ങൾക്ക് എവിടെയാണ് അബദ്ധം സംഭവിച്ചതെന്ന് വിചിന്തനം നടത്തണമെന്നും അനഹ്‌മദി മൗലവിമാർതന്നെ പറഞ്ഞിരുന്നു. എന്നാൽ അതിനോടൊപ്പം തന്നെ പറഞ്ഞു: 'ഖാദിയാനികൾ പറയുന്ന കാര്യങ്ങൾ വിശ്വസിക്കരുത്. കാര്യങ്ങൾ അംഗീകരിക്കില്ലെങ്കിൽ പിന്നെ ശിക്ഷ തന്നെയാണ് വരേണ്ടത്.

(തുടരും)

**പേജ് 1 ൽ നിന്ന്**

പ്രതിച്ഛായകളും സർവസംപൂർണമാണ്. അതായത് അദ്ദേഹം വാസ്തവത്തിൽ നബി(സ)തിരുമേനിയുടെ പ്രതിച്ഛായ ആയിരിക്കും. അവിടന്ന് നബിമാരിൽ അതിശ്രേഷ്ടനും സകല നബിമാരെക്കാളും സർവസംപൂർണനുമാണ്. അതുകൊണ്ട് അദ്ദേഹത്തിന്റ പ്രതിച്ഛായയും സർവസംപൂർണൻ തന്നെയായിരിക്കും.

ഇത് രണ്ടു പ്രതിച്ഛായ ആയിരുന്നു. എങ്ങനെ എത്ര വലിയ അക്രമമാണ് ചെയ്തത്. അതായത് ഒരു പ്രതിച്ഛായയെ അവർ വിശ്വസിച്ചു. അതായത് മഹ്ദി റസൂലുല്ലായുടെ സ്വഭാവത്തിലും പേരിലുമായിരിക്കുമെന്ന്. പക്ഷേ, ഈസബ്നുമർയമിനെ സംബന്ധിച്ച് അദ്ദേഹംതന്നെ ആകാശത്തുനിന്ന് ഇറങ്ങുമെന്നുള്ള പദ്ധതിയാണ് തയ്യാറാക്കിയത്. എത്രമാത്രം അത്ഭുതകരമായ കാര്യമാണിത്. ബുദ്ധി എത്രമാത്രം അധഃപതിച്ചിരിക്കുന്നു. അത് വൈരുദ്ധ്യം സൃഷ്ടിക്കുന്നതാണ്. മനസ്സിലാക്കുന്നില്ല. ഒരുസ്ഥലത്ത് നബി(സ)തിരുമേനിയുടെ പ്രതിച്ഛായയാണെന്ന് സമ്മതിച്ചു. അദ്ദേഹത്തിന്റെ പ്രതിനിധി ഖലീഫത്തല്ലാഹ് ആയി. അപ്പോൾ പിന്നെ പദവിയിൽ കുറഞ്ഞയാൾ വരേണ്ട ആവശ്യമെന്താണ്. യഥേഷ്ടം നന്മയിൽ വർധ നല്കപ്പെട്ട ആ മഹ്ദി, അദ്ദേഹമാണെങ്കിൽ സർവസംപൂർണനുമാണ് അദ്ദേഹത്തെ പ്രതിച്ഛായയുടെ വർണത്തിൽ കൊണ്ടുവരികയും ഈസബ്നുമർയമിനെ അദ്ദേഹത്തിന് ബയ്അത്ത് ചെയ്യിക്കാൻ സ്വയം ഇറക്കുകയും ചെയ്തിരുന്നെങ്കിൽ! *(മൽഫൂദാത്ത് വാള്യം 1, പേജ് 407, പ്രസാധനം ഖാദിയാൻ 2018)*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin